بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّ اَنۡتُمۡ اَذِلَّۃٌ

വാല്യം 4

വാർഷിക വരിസംഖ്യ 500 രൂപ

# ബദർ

വീക്കിലി ഖാദിയാൻ

Weekly **BADAR** Qadian Malayalam

ലക്കം 39

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2019 സെപ്റ്റംബർ 26/ഹി:ശം:1398 തബൂക് 26/ഹി:ഖ: 1440 മുഹർറം 26

## അല്ലാഹുവിന്റെ വചനം

اَلَّذِیۡنَ یُنۡفِقُوۡنَ فِی السَّرَّآءِ وَ الضَّرَّآءِ وَ الۡکٰظِمِیۡنَ الۡغَیۡظَ وَ الۡعَافِیۡنَ عَنِ النَّاسِ ؕ وَ اللّٰہُ یُحِبُّ الۡمُحۡسِنِیۡنَ ۞

(آل عمران:135)

'ഐശ്വര്യഘട്ടത്തിലും വിഷമഘട്ടത്തിലും ദൈവമാർഗത്തിൽ ധനം ചെലവഴിക്കുന്നവരും മാപ്പു ചെയ്തു കൊടുക്കുന്നവരുമത്രെ അവർ; അല്ലാഹു സുകൃതവാന്മാരെ ഇഷ്ടപ്പെടുന്നു.' (3:135)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**അല്ലാഹുവിന്റെ ശക്തിപ്രഭാവങ്ങളേയും തീരുമാനങ്ങളേയും പരിധിക്കുള്ളിലാക്കാൻ ആർക്കും കഴിയുകയില്ലെന്ന് ഞാൻ നിങ്ങളോടു പറയുന്നു. അങ്ങനെ വാദിക്കുന്നവൻ ദൈവനിഷേധിയാണ്.**

**ഇമാം ഫഖ്റുദ്ദീൻ റാസിയുടെ ഈ വാക്യം വളരെ ശരിയാണ്;**
**ദൈവത്തെ ബുദ്ധിയുടെ അളവുകോൽകൊണ്ട് അളക്കാൻ മുതിരുന്നവൻ വിഡ്ഢിയാണ്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### വിശുദ്ധ ഖുർആനിന്റേയും തൗറാത്തിന്റേയും അധ്യാപനങ്ങളിലുള്ള രണ്ടാമത്തെ വ്യത്യാസം

രണ്ടാമത്തെ വ്യത്യാസമിതാണ്, ബനൂഇസ്റായീലിനെ(ഇസ്റായീൽ സന്തതികളെ) മാത്രമാണ് തൗറാത്ത് സംബോധന ചെയ്തിട്ടുള്ളത്. മറ്റു ജനതകളുമായി അതിന് ഒരു ബന്ധവും മാധ്യസ്ഥ്യവുമില്ല. തെളിവുകളിന്മേലും പ്രമാണങ്ങളിന്മേലും അത് ശക്തി ചെലുത്താത്തതിന്റെ കാരണം ഇതാണ്. എന്തുകൊണ്ടെന്നാൽ, തൗറാത്തിന്റെ സംബോധനയ്ക്ക് വിധേയമായി നിരീശ്വരവാദി, തത്ത്വചിന്തകൻ, ബ്രഹ്മസമാജി തുടങ്ങി ഒരു കക്ഷിയുമില്ല. വിശുദ്ധ ഖുർആനാണെങ്കിൽ എല്ലാ മതങ്ങളേയും കക്ഷികളേയും സംബോധന ചെയ്തിരിക്കുന്നു. എല്ലാ ആവശ്യങ്ങളെല്ലാം അവിടെ എത്തി അവസാനിച്ചു. അതുകൊണ്ടാണ് വിശുദ്ധ ഖുർആൻ എല്ലാ വിശ്വാസാദർശങ്ങളേയും കർമപരമായ കല്പനകളേയും പ്രമാണബദ്ധമാക്കിയത്.

വിശുദ്ധ ഖുർആൻ പറയുന്നു:

***ഖുൽല്ലിൽ മുഅ്മിനീന യഗുള്ളൂ മിൻ അബ്സ്വാരിഹിം വ യഹ്ഫളൂ ഫുറൂജഹും (24:31)***

തങ്ങളുടെ കണ്ണുകൾ താഴ്ത്തുകയും മറ്റെല്ലാ രഹസ്യസ്ഥലങ്ങളും കാത്തുസൂക്ഷിക്കുകയും ചെയ്യണമെന്ന് സത്യവിശ്വാസികളായ പുരുഷന്മാരോടു പറയുക. അന്യസ്ത്രീകളെ നോക്കി മനുഷ്യൻ കുഴപ്പങ്ങളിൽ പതിക്കരുത്. ചെവിയും രഹസ്യസ്ഥലങ്ങളിൽപെടുന്നു. അത് കഥകൾ കേട്ട് കുഴപ്പങ്ങളിൽപെട്ടുപോകുന്നു. അതുകൊണ്ടാണ് എല്ലാ ദ്വാരങ്ങളും അടച്ചുവെക്കാൻ പൊതുവായ നിലയിൽ പറഞ്ഞത്.

***ദാലിക്ക അസ്കാ ലഹും(24:31)***

അത് നിങ്ങൾക്ക് വളരെ ഉത്തമമാണ്. ഈ മാർഗം ഉന്നത നിലയിലുള്ള പരിശുദ്ധി ഉൾക്കൊള്ളുന്നു. ഇതുള്ളപ്പോൾ ദുർവൃത്തരിലാകുകയില്ല.

### വിശുദ്ധ ഖുർആൻ തെളിവുകളും പ്രമാണങ്ങളും സ്വയം വിവരിക്കുന്നു.

നോക്കൂ! വിശുദ്ധ ഖുർആൻ ഇതേ ഒരു കാര്യത്തെ-തൗറാത്തിലും അത് അതിന്റെ വാക്കുകളിലും പൊരുളുകളിലും വിവരിച്ചിട്ടുണ്ട്-എത്രമാത്രം വിശദീകരണത്തോടും വിശ്വാസത്തോടും തെളിവോടും പ്രമാണത്തോടുംകൂടിയാണ് പ്രബലപ്പെടുത്തി വിവരിച്ചിരിക്കുന്നത്. ഇതാണ് വിശുദ്ധ ഖുർആനിന്റെ അമാനുഷികത. അത് അതിന്റെ അനുയായികളെ മറ്റുള്ളവരുടെ ആശ്രിതരാക്കാൻ വിടുന്നില്ല. എന്നല്ല തെളിവുകളും പ്രമാണങ്ങളും സ്വയമേവ വിവരിച്ചുകൊണ്ട് അവരെ സമ്പന്നരാക്കുന്നു. വിശുദ്ധ ഖുർആൻ തെളിവുകളോടുകൂടിയാണ് കല്പനകൾ എഴുതിയിട്ടുള്ളത്. ഓരോ കല്പനയ്ക്കും വേറിട്ട് തെളിവുകൾ നല്കിയിരിക്കുന്നു. ചുരുക്കത്തിൽ തൗറാത്തും ഖുർആനും തമ്മിൽ രണ്ടു വലിയ വ്യത്യാസമാണുള്ളത്. ആദ്യത്തേതിൽ തെളിവിന്റെ മാർഗമില്ല. വാദത്തിനുള്ള തെളിവ് സ്വയം അന്വേഷിക്കേണ്ടിവരുന്നു. രണ്ടാമത്തേത് അതിന്റെ വാദത്തെ എല്ലാതരം പ്രമാണങ്ങൾകൊണ്ടും തെളിവുകൾകൊണ്ടും തെളിയിക്കുകയും പിന്നീട് അത് സമർപിക്കുകയും ചെയ്യുന്നു. ദൈവകല്പനകളെ ബലാൽക്കാരമായി സമ്മതിപ്പിക്കുന്നില്ല. മറിച്ച് സുജൂദ് അഥവാ സാഷ്ടാംഗം പ്രണമിക്കുന്നതിന് മനുഷ്യന്റെ വായിലൂടെ വിളി പുറപ്പെടുവിക്കുന്നു. അത് നിർബന്ധമോ ബലാൽക്കാരമോ കൊണ്ടല്ല; മറിച്ച് സൂക്ഷ്മമമായ തെളിവിന്റെ മാർഗത്തിലൂടേയും സ്വാഭാവികമായ ഭരണംകൊണ്ടും. തൗറാത്തിന്റെ സംബോധിതർ പ്രത്യേകമായൊരു സംഘമാണ്. വിശുദ്ധഖുർആനിന്റെ സംബോധിതർ ലോകാവസാനംവരെ ജനിച്ചുകൊണ്ടിരിക്കുന്ന സകല ജനതയുമാണ്. ഇനി പറയുക, തൗറാത്തും ഖുർആനും എങ്ങനെയാണ് ഒന്നാകുക? തൗറാത്ത് നിലവിലിരിക്കെ ഖുർആനിന്റെ ആവശ്യം എന്തിനുണ്ടായി? നീ വ്യഭിചരിക്കരുതെന്ന് ഖുർആൻ പറയുമ്പോൾ മൊത്തം മനുഷ്യകുലമാണ് അതുകൊണ്ടുള്ള ഉദ്ദേശ്യം. പക്ഷേ, ഇതേ പദം തൗറാത്ത് പറയുമ്പോൾ അതിന്റെ സംബോധിതരും അത് സൂചിപ്പിക്കുന്നവരും ബനൂ ഇസ്റായിൽ ജനത മാത്രമാണ്. ഇതിൽനിന്ന് ദീർഘവീക്ഷണവും ദൈവഭയമുള്ള മനസ്സുമുണ്ടെങ്കിൽ പരിമിതികളും വാഗ്വിലാസരഹിതത്ത്വവും അറിയാൻ കഴിയുന്നതാണ്.

### ഭൗതികവും ആത്മീയവുമായ അമാനുഷികത

തൗറാത്തും ഖുർആനും തമ്മിലുള്ള മറ്റൊരു വലിയ വ്യത്യാസമുണ്ട്. വിശുദ്ധ ഖുർആൻ ഭൗതികവും ആത്മീയവുമായ എല്ലാ തരത്തിലുള്ള അമാനുഷികതയും ഉൾക്കൊള്ളുന്നു. ഉദാഹരണത്തിന് ചന്ദ്രൻ പിളർന്ന ദിവ്യാത്ഭുതം ഭൗതികമായ ദിവ്യാത്ഭുതങ്ങളുടെ തരത്തിലുള്ളതാണ്.

പ്രകൃതി നിയമത്തിന് പരിധി ഉണ്ടാകുകയില്ല. ചന്ദ്രൻ പിളർന്ന ദിവ്യാത്ഭുതത്തിൽ അജ്ഞരായ ചിലർ പ്രകൃതിനിയമത്തിന്റെ മറപിടിച്ച് രഹസ്യമായി ആക്ഷേപിക്കാറുണ്ട്. പക്ഷേ, അല്ലാഹുവിന്റെ ശക്തിപ്രഭാവങ്ങളേയും നിയമങ്ങളേയും വലയം ചെയ്യാനോ എണ്ണിത്തിട്ടപ്പെടുത്താനോ കഴിയുകയില്ലെന്ന് ആ അജ്ഞർക്കറിയില്ല. ആഹ്! ഒരു നേരത്ത് അവർ വായകൊണ്ട് ദൈവമെന്ന് പറയുന്നു. പക്ഷേ, വേറൊരുനേരത്ത് അവന്റെ മനസ്സ്, അവന്റെ ആത്മാവ് അല്ലാഹുവിന്റെ മഹത്തായതും പിന്നിന്റെ പിന്നിലുള്ളതുമായ ശക്തിപ്രഭാവങ്ങൾ കണ്ട് സാഷ്ടാംഗം പ്രണമിക്കുന്നതിനുപകരം അവൻ സർവശക്തനാണെന്ന കാര്യം തന്നെ മറന്നുപോകുന്നു. ദൈവത്തിന്റെ അസ്തിത്വവും അവന്റെ സർവശക്തിത്വവും അവന്റെ കഴിവുകളും ശക്തികളും നമ്മുടെ ചിന്തകളുടേയും കണക്കു കൂട്ടലുകളുടേയും പരിധികൾക്കുള്ളിലാണെങ്കിൽപ്പിന്നെ പ്രാർഥിക്കേണ്ട ആവശ്യമെന്താണ്? എന്നാൽ, അങ്ങനെയല്ല. അല്ലാഹുവിന്റെ ശക്തിപ്രഭാവങ്ങളേയും തീരുമാനങ്ങളേയും പരിധിക്കുള്ളിലാക്കാൻ ആർക്കും കഴിയുകയില്ലെന്ന് ഞാൻ നിങ്ങളോടു പറയുന്നു. അങ്ങനെ വാദിക്കുന്നവൻ ദൈവനിഷേധിയാണ്. അല്ലാഹുവിനെ അപരിമിതനും ശക്തിപ്രഭാവങ്ങളുടെ ഉടമസ്ഥനുമായി

(ശേഷം പേജ് 12ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദർ ബോർഡ്,ഖാദിയാൻ

# ഇസ്‌ലാമാബാദ്:
## സമാധാനത്തിന്റെ പ്രതാപമായ പ്രതീകം
### ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹുല്ലാഹ്)
### വിവർത്തകൻ: കെ.വി. ഹസ്സൻകോയ, കോഴിക്കോട്

*(അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പുതിയ ആസ്ഥാനം ഉദ്ഘാടനം ചെയ്തുകൊണ്ട് ജമാഅത്തിന്റെ പരമോന്നത നേതാവ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹ് ഉൽഗ്രഥനത്തിന്റെ യഥാർഥ പ്രകൃതിയെക്കുറിച്ചും തങ്ങൾ ജീവിക്കുന്ന പ്രദേശത്തെ ജനങ്ങളെ സഹായിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചും സംസാരിക്കുന്നു).*

തശഹ്ഹുദും തഅവ്വുദും ബിസ്മിയും ചൊല്ലിയശേഷം ആഗോള അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പരമോന്നത് നേതാവ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹുല്ലാഹ്) പറഞ്ഞു:

പ്രശസ്തരായ എല്ലാ അതിഥികൾക്കും, അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വ ബറക്കാത്തുഹു. നിങ്ങളുടെയെല്ലാവരുടെയും മേൽ അല്ലാഹുവിന്റെ സമാധാനവും അനുഗ്രഹങ്ങളും ഉണ്ടായിരിക്കുമാറാകട്ടെ.

ഇന്നത്തെ ഈ ചടങ്ങിന് ഞങ്ങളുടെ ക്ഷണം സ്വീകരിച്ച് ഇവിടെ എത്തിയിട്ടുള്ള എല്ലാ അതിഥികൾക്കും ആദ്യമായി ഹൃദയംഗമമായ നന്ദി പ്രകടിപ്പിക്കുവാൻ ഈ അവസരം ഞാൻ ഉപയോഗപ്പെടുത്തിക്കൊള്ളുന്നു. ഈ പ്രദേശവുമായി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന് ഏകദേശം മുപ്പത്തിയഞ്ചു വർഷത്തെ ബന്ധമുണ്ട്. അന്ന് ഞങ്ങൾ 'ഷീപാച്ച് ലൈനിൽ' ഒരു സ്ഥലം വാങ്ങുകയും അതിന് 'ഇസ്‌ലാമാബാദ് എന്ന് പുനർനാമമിടുകയും ചെയ്തു. മുമ്പേ ഈ പ്രദേശത്ത് ഒരു ബോർഡിംഗ് സ്കൂൾ ഉണ്ടായിരുന്നു. 1977-ൽ അത് അടച്ചുപൂട്ടി. അതിനുശേഷം ഞങ്ങൾക്കറിയാൻ കഴിഞ്ഞിടത്തോളം അതുപയോഗിക്കപ്പെടാതെയിരുന്നു. 1980കളുടെ മധ്യത്തിൽ ഞങ്ങൾ അതു വാങ്ങി. ഇപ്പോഴുള്ള മരംകൊണ്ടുള്ള ബാരക്കുകൾ മുമ്പേ ക്ലാസ് മുറികളായും ഡോമെട്രിയായും ഉപയോഗിച്ചിരുന്നത് നിർമാണപരമായി അതേവിധത്തിൽ തന്നെയുണ്ട്. പക്ഷേ, ആന്തരികമായ ചില മാറ്റങ്ങൾ വരുത്തി. അതുമുഖേന ചില വീടുകൾ നിർമിക്കാൻ കഴിഞ്ഞു. അവിടെ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ചില പ്രവർത്തകർ സന്തോഷപൂർവ്വം നിരവധി വർഷങ്ങൾ ജീവിച്ചു.

അതുകൂടാതെ, ഏകദേശം ഇരുപതു വർഷത്തോളം അവിടെ ഞങ്ങളുടെ വാർഷിക സമ്മേളനം നടന്നു. സമ്മേളനത്തിൽ ഓരോ വർഷവും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള ആയിരക്കണക്കിന് ആളുകൾ പങ്കെടുത്തു. 2005 മുതൽ സമ്മേളനം വിവിധ സ്ഥലങ്ങളിൽവച്ച് നടത്തപ്പെട്ടു. കാരണമെന്തെന്നാൽ ഈ സ്ഥലം അതിഥികളെ ഉൾക്കൊള്ളാൻ അപര്യാപ്തമായി. ഗതാഗതത്തിന്റെയും പാർക്കിംഗിന്റെയും പരിഗണനീയമായ പ്രശ്നങ്ങളുമുണ്ടായിരുന്നു. സമീപകാലത്തായി ഞങ്ങൾ വാർഷികസമ്മേളനം നടത്തുന്നത് ആൾട്ടനിലായിരുന്നു. ഇക്കാര്യത്തിൽ പ്രദേശവാസികളും കൗൺസിലും കാണിച്ച ഔദാര്യത്തിനും സഹകരണത്തിനും ഞങ്ങൾ കൃതജ്ഞരാണ്.

എന്തായാലും ഇക്കാര്യത്തിൽ പ്രദേശവാസികളോടും കൗൺസിലിനോടും കൃതജ്ഞത രേഖപ്പെടുത്തിയില്ലെങ്കിൽ അതെന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയായിരിക്കും. ഇസ്‌ലാമാബാദിൽ വാർഷികസമ്മേളനം നടത്താനും ഏകദേശം മുപ്പതോളം അഹ്മദിമുസ്‌ലിം കുടുംബങ്ങളെ താമസിപ്പിക്കാനും അവർ അനുവദിച്ചു.

അതിലുപരി, ആ കാലത്ത് പ്രദേശവാസികൾക്ക് എന്തെങ്കിലും പ്രശ്നങ്ങളോ അസൗകര്യങ്ങളോ ഉണ്ടായിട്ടുണ്ടെങ്കിൽ ഞാൻ ക്ഷമായാചനം ചെയ്യുകയും ഖേദം രേഖപ്പെടുത്തുകയും ചെയ്യുന്നു.

തീർച്ചയായും ഇത് ഞങ്ങളുടെ ഉദ്ദേശ്യമായിരുന്നില്ല. എന്തെന്നാൽ, ഒരു യഥാർഥ മുസ്‌ലിമിന്റെ ചുമതലയാണ് തങ്ങളുടെ അയൽവാസികളെ ശ്രദ്ധിക്കുകയും അവർക്ക് ഒരു വിഷമവും ഇല്ലെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക എന്നത്.

വർത്തമാനകാലത്തേക്ക് തിരിഞ്ഞുകൊണ്ട്, ഞങ്ങളുടെ അയൽവാസികൾക്കും തദ്ദേശീയരായ എല്ലാവർക്കും കൗൺസിൽ മെമ്പർമാർക്കും എന്റെ ഹൃദയംനിറഞ്ഞ അഭിനന്ദനവും കൃതജ്ഞതയും ഞാൻ രേഖപ്പെടുത്തുന്നു. അവരെല്ലാം വളരെയധികം ഔദാര്യം കാണിക്കുകയും, ഈ കോംപ്ലക്സിന്റെ വികസനത്തിനു ഞങ്ങൾക്ക് കഴിവ് നൽകിക്കൊണ്ട് തങ്ങൾ സഹിഷ്ണുതയും തുറന്ന മനസ്സുമുള്ളവരാണെന്ന് തെളിയിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ ഫലമായി ഇവിടെ മനോഹരമായ ഒരു മസ്ജിദ് നിർമിക്കാനും മുപ്പതിൽപരം വീടുകൾ നിർമിക്കാനും ഞങ്ങൾക്ക് സാധിച്ചു. ഇതുകൂടാതെ ഒരു വിവിധോദ്ദേശ്യഹാളും നിർമിക്കാൻ ഞങ്ങൾക്ക് സാധിച്ചു. ഈ ഹാൾ പ്രാദേശിക ജമാഅത്തിന് അവരുടെ പരിപാടികൾക്കായി ഉപയോഗിക്കാൻ സാധിക്കും.

പുനർവികസനം നടത്തപ്പെട്ട ഈ കോംപ്ലക്സ് മുമ്പേയുള്ള കെട്ടിടങ്ങളുടെ കാല്പ്പാടുകളിൽ തന്നെയാണ് നിർമിക്കപ്പെട്ടിട്ടുള്ളത്. അതിനാൽ ആകെയുള്ള വിസ്തീർണ്ണം മുമ്പേയുള്ളയത്രതന്നെയാണ്. എന്നാൽ, പുനർവികസനം നടത്തിയിട്ടുള്ളത് ഞങ്ങളുടെ ജമാഅത്തിന്റെ ആവശ്യങ്ങൾ കൂടുതൽ നല്ല നിലയിൽ നിർവ്വഹിക്കാൻ കഴിയുംവിധമാണ്.

അതിന്റെ ഫലമായി, ഈ പദ്ധതിയിൽ തദ്ദേശവാസികളുടേയും കൗൺസിൽ മെമ്പർമാരുടേയും ഹൃദയവിശാലതക്കും, സഹകരണത്തിനും ഞാൻ ഒരിക്കൽകൂടി അഗാധമായ നന്ദി രേഖപ്പെടുത്തുന്നു.

ഞാൻ പറഞ്ഞതുപോലെ, ഞങ്ങളുടെ വാർഷികസമ്മേളനം ഇനി ഇവിടെ നടക്കുകയില്ല; എന്നാൽ, മസ്ജിദിന്റെ സ്ഥലസൗകര്യമനുസരിച്ച് ആഴ്ചതോറുമുള്ള ജുമാ ദിവസം ആരാധകർ ഇവിടെ വരുന്നതാണ്. അതുമുഖേന ഗതാഗതം വർധിക്കാനിടയുണ്ട്. അതുകൂടാതെ ഞാനിവിടെ താമസിക്കുന്നതിനാൽ ദിനേനയുള്ള ആളുകളുടെ വരവിൽ വർധനയുണ്ട്. ജമാഅത്തംഗങ്ങൾ ഞാനുമായി കൂടിക്കാഴ്ച നടത്തുകയും അവർ ഇവിടെവെച്ച് പ്രാർഥന നിർവ്വഹിക്കുകയും ചെയ്യുന്നു.

ഇവിടെയുള്ള റോഡുകൾ ഇടുങ്ങിയതും ഒറ്റവരിയുമായതിനാൽ റോഡ് ഗതാഗതം സാധാരണഗതിയിലും വേഗം കുറഞ്ഞതാവാൻ സാധ്യതയുണ്ട്. അതിനാൽ ഞങ്ങളുടെ ജമാഅത്തിന്റെ പേരിൽ ഞാൻ ക്ഷമായാചനം ചെയ്യുന്നു. തദ്ദേശവാസികൾക്ക് താമസമോ, പ്രശ്നങ്ങളോ ഉണ്ടാവുകയാണെങ്കിൽ എന്നിരിക്കിലും ഞാൻ നിങ്ങൾക്ക് ഉറപ്പുതരാൻ ആഗ്രഹിക്കുന്നു, തദ്ദേശിയരുടെ അവകാശങ്ങളെ മാനിക്കണമെന്നും എപ്പോഴും വാഹനങ്ങൾ സുരക്ഷിതമായി ഓടിക്കണമെന്നും, മര്യാദയോടും റോഡ് നിയമങ്ങൾ പാലിച്ചും പെരുമാറണമെന്നും ജമാഅത്ത് അംഗങ്ങൾക്ക് ഞാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. തീർച്ചയായും കൂടുതൽ ആളുകൾ ഇവിടെ വരുന്നതിനാൽ ഇവിടെ ഒരിക്കലും ഗതാഗത പ്രശ്നങ്ങൾ ഉണ്ടാവില്ലെന്ന് പറയാൻ എനിക്ക് സാധ്യമല്ലെന്നും നിങ്ങൾ മനസ്സിലാക്കുമല്ലോ. എന്നാലും വിഷമതകൾ ഇല്ലാതിരിക്കാൻ ഞങ്ങൾ അങ്ങേയറ്റം ശ്രമിക്കുമെന്ന് എനിക്ക് ഉറപ്പ് നൽകാൻ സാധിക്കും. ഈ സ്ഥലത്തൂടെ കടന്നുപോകുന്ന കാറുകളുടെ എണ്ണത്തിന്റെ ആധിക്യം ഇല്ലാതാക്കാൻ ശ്രമിക്കുകയും ചെയ്യും. ഇത് ഞങ്ങളുടെ മതപരമായ ബാധ്യതയാണ്, എന്തെന്നാൽ ഇസ്‌ലാം ആവർത്തിച്ചു പറയുന്നത് തങ്ങളുടെ അയൽവാസികളുടെ അവകാശങ്ങൾ പരിഗണിക്കണമെന്നും അവരുടെ

(ശേഷം പേജ് 11ൽ)

'മാതാപിതാക്കളുടെ സ്വന്തം മാതൃക കുട്ടികൾക്കു മുമ്പിൽ നിലനില്ക്കാത്തിടത്തോളം കുട്ടികളിൽ അത് സ്വാധീനമുണ്ടാക്കുകയില്ല. അതുകൊണ്ട് സുബ്ഹി നമസ്കാരത്തിനും എഴുന്നേല്ക്കുക.'
(ഖുത്ബാത്തെ മസ്റൂർ, വാല്യം 3, പേജ് 565)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:-

ത്വാലിബെ ദുആ:
Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.

"വ്യക്തിപരമായ നിലയിൽ ലയ്ലത്തുൽഖദ്റിൽ നിന്ന് അനുഗ്രഹം പ്രാപിക്കുന്നതിന് ഈ റമളാനിൽ പരസ്പരമുള്ള വൈരാഗ്യങ്ങൾ അവസാനിപ്പിക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്."
(ജുമുഅ ഖുത്ബ 25-7-2014)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:-

ത്വാലിബെ ദുആ:
Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.

# ഖുത്ബ ജുമുഅ

**യഥാർഥ മസ്ജിദ് തഖ്‌വയിന്മേൽ അടിത്തറയിട്ടിട്ടുള്ള മസ്ജിദാണ്.**

**നമ്മുടെ മസ്ജിദുകൾ തഖ്‌വയിന്മേൽ പടുത്തുയർത്താൻ നമ്മൾ ശ്രമിക്കേണ്ടതാണ്**

ആത്മാർഥതയുടേയും കൂറിന്റേയും ആൾരൂപമായ നബി(സ)തിരുമേനിയുടെ ബദ്റിൽ പങ്കെടുത്ത സ്വഹാബിമാരായ ഹദ്റത്ത് ആസിം ബിൻ അദിയ്യ്, ഹദ്റത്ത് അംറ് ബിൻ ഔഫ്, ഹദ്റത്ത് മഅൻ ബിൻ അദിയ്യ് (റളിയല്ലാഹു അൻഹും വർളൂ അൻഹു) എന്നിവരുടെ അനുഗൃഹീത ജീവചരിത്ര വിവരണം

നബി(സ)തിരുമേനിയിൽനിന്ന് മസ്ജിദ് ളിറാർ പൊളിക്കാനുള്ള കല്പനയും അതിന്റെ പശ്ചാത്തലവും
നബി(സ)തിരുമേനിയുടെ വഫാത്തിനുശേഷം ഹദ്റത്ത് അബൂബക്കർ(റ) ഖിലാഫത്ത് തിരഞ്ഞെടുപ്പിന്റെ വിവരണം.

അല്ലാഹു എല്ലാ അഹ്മദികൾക്കും നുബുവ്വത്തിന്റെ യഥാർഥ സ്ഥാനം മനസ്സിലാക്കാൻ തൗഫീഖ് നല്കുമാറാകട്ടെ.
ഖിലാഫത്തിനോടു കൂറ് പുലർത്താനും ആത്മാർഥ ബന്ധം ഉണ്ടാക്കാനും തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ.

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ ജുമുഅ 2019 ആഗസ്റ്റ് 23/1398 ളുഹൂർ 23**
**മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ് മോർഡൺ സിററി(യു.കെ)**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ-الرَّحْمٰنِ الرَّحِيْمِ-مٰلِكِ يَوْمِ الدِّيْنِ-إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ-
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ-صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ
غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

**ഹദ്റത്ത് ആസിം ബിൻ അദിയ്യ്(റ):** ഹദ്റത്ത് ആസിം ബിൻ അദിയ്യ്(റ) എന്ന ബദ്രീ സ്വഹാബിയെ കുറിച്ചാണ് ഇന്നു ഞാൻ വിവരിക്കുവാൻ പോകുന്നത്. ഹദ്റത്ത് ആസിമിന്റെ പിതാവിന്റെ പേര് അദിയ്യ് എന്നായിരുന്നു. അദ്ദേഹത്തിന്റെ ബന്ധം ബനൂ അജ്‌ലാൻ ബിൻ ഹാരിഥ ഗോത്രവുമായിട്ടായിരുന്നു. അവർ ബുനൂ സയ്ദ് ബിൻ മാലിക്ക് ഗോത്രത്തിന്റെ സഖ്യകക്ഷിയായിരുന്നു. ഹദ്റത്ത് ആസിം ബനൂഅജ്‌ലാന്റെ സർദാറും ഹദ്റത്ത് മഅൻ ബിൻ അദിയ്യുടെ സഹോദരനുമായിരുന്നു.

ഹദ്റത്ത് ആസിമിന്റെ സംജ്ഞാനാമം അബൂബക്കർ എന്ന് പറയപ്പെടുന്നു. ചിലർ പറയുന്നത് അദ്ദേഹത്തിന്റെ സംജ്ഞാനാമം അബൂ അബ്ദുല്ലാഹ്, അബൂ ഉമർ എന്നൊക്കെയാണ്. അബൂ അംറ് എന്നുമുണ്ട്. ഹദ്റത്ത് ആസിം ഇടത്തരം പൊക്കമുള്ളയാളായിരുന്നു. മുടിയിൽ മൈലാഞ്ചിയിടുമായിരുന്നു. ഹദ്റത്ത് ആസിമിന്റെ മകന്റെ പേര് അബുൽബദ്ദാഹ് എന്നയിരുന്നു.(അത്ത്വബക്കാത്തുൽ കുബ്റാ ഭാഗം 3, പേജ് 354 –355, ആസിം ബിൻ അദിയ്യ്, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).(ഉസുദുൽ ഗാബ, വാള്യം 3, ഭാഗം 4, പേജ് 113, ആസിം ബിൻ അദിയ്യ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2008).

ഹദ്റത്ത് ആസിമിന്റെ മകളുടെ പേര് സുഹ്‌ല എന്നായിരുന്നു. ഇവരുടെ വിവാഹം ഹദ്റത്ത് അബ്ദുർ റഹ്മാൻ ബിൻ ഔഫുമായി നടന്നു. ഇവർക്ക് ഇതിൽ നാലുമക്കളുണ്ടായി; മൂന്ന് ആൺമക്കൾ. മഅൻ, ഉമർ, സയ്ദ്. ഒരു മകൾ അമത്തുർറഹ്മാൻ സ്വുഹ്റ. (അത്ത്വബക്കാത്തുൽ കുബ്റാ, വാള്യം 3, പേജ് 94, അബ്ദുർറഹ്മാൻ ബിൻ ഔഫ്, പ്രസാധകർ ദാറുൽകുത്തുബുൽ ഇൽമിയ്യ, ബേറൂത്ത് 1990)

നബി(സ)തിരുമേനി ബദ്റിലേക്കു പുറപ്പെടാൻ തുടങ്ങുമ്പോൾ ഹദ്റത്ത് ആസിം ബിൻ അദിയ്യിനെ ഖുബായുടേയും മദീനയുടേയും ഉയർന്ന പ്രദേശമായ 'ആലിയായിൽ' അമീറായി നിശ്ചയിക്കുകയുണ്ടായി. റൗഹാഅ് എന്ന സ്ഥലത്തുനിന്ന് നബി(സ)തിരുമേനി അദ്ദേഹത്തെ മദീനയുടെ ഉയർന്ന പ്രദേശമായ 'ആലിയ'യിൽ അമീറായി നിശ്ചയിച്ചുകൊണ്ട് തിരിച്ചയക്കുകയായിരുന്നുവെന്ന് ഒരു നിവേദനത്തിൽ വന്നിട്ടുണ്ട്. നബി(സ)തിരുമേനി ഹദ്റത്ത് ആസിമിനെ തിരിച്ചയച്ചുവെങ്കിലും അദ്ദേഹത്തെ അസ്ഹാബു ബദ്റിൽ(ബദ്ർ സ്വഹാബാക്കളിൽ)ഉൾപ്പെടുത്തുകയും ഗനീമത് മുതലിൽനിന്ന് അദ്ദേഹത്തിന് ഓഹരി നല്കുകയും ചെയ്തു.(അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 355, ആസിം ബിൻ അദിയ്യ്, പ്രസാധകർ ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)(അൽ ഇസ്വാബ ഫീ തമീസി സ്സ്വഹാബ വാള്യം 3, പേജ് 463, ആസിം ബിൻ അദിയ്യ്(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1995).

സീറത്തു ഖാത്തമുന്നബിയ്യീനിൽ ഇതിന്റെ വിശദീകരണം ഇങ്ങനെ നല്കിയിരിക്കുന്നു: ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് (റ) എഴുതി: "മദീനയിൽനിന്ന് പുറപ്പെട്ടുകൊണ്ട് നബി(സ)തിരുമേനി തന്റെ പിന്നിൽ അബ്ദുല്ലാഹ് ബിൻ ഉമ്മു മക്തൂമിനെ മദീനയിലെ അമീറായി നിശ്ചയിച്ചു. എന്നാൽ, നബി(സ) തിരുമേനി മദീനയിൽനിന്ന് 36 മൈൽ അകലെയുള്ള റൗഹാഅ് എന്ന സ്ഥലത്തിനടുത്തെത്തിയപ്പോൾ, അബ്ദുല്ലാഹ് അന്ധനാണെന്നും, ഖുറയ്ശികൾ വരുന്നു വരുന്നുവെന്നുള്ള വാർത്ത ആഗ്രഹിക്കുന്നത് തന്റെ പിന്നിൽ മദീനയുടെ ഏർപാട് ശക്തമുള്ളതായിരിക്കണമെന്നതാണെന്നും കരുതി അവിടന്ന് അബൂലുബാബ ബിൻ മുൻദിറിനെ മദീനയിലെ അമീറായി നിശ്ചയിച്ച് തിരിച്ചയച്ചു. സംഘടനാപരമായ കാര്യങ്ങൾ അബൂലുബാബ നിർവഹിക്കുന്നതായിരിക്കുമെന്നും അബ്ദുല്ലാഹ് ബിൻ ഉമ്മുമക്തൂം ഇമാം സ്വലാത്ത് എന്ന കർമം മാത്രം നിർവഹിച്ചാൽ മതിയെന്നും കല്പന കൊടുത്തു; മദീനയിലെ ജനവാസമുള്ള ഉയർന്ന സ്ഥലത്ത് അതായത് ഖുബായിൽ നബി(സ)തിരുമേനി ആസിം ബിൻ അദിയ്യിനെ അമീറായി പ്രത്യേകം നിശ്ചയിച്ചു. (സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ (റ) പേജ് 354)

ഹദ്റത്ത് ആസിം ബിൻ അദിയ്യ്(റ) ഉഹുദ്, ഖൻദഖ് ഉൾപ്പെടെയുള്ള എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തു. ഹദ്റത്ത് അമീർ മുആവിയയുടെ ഭരണകാലത്ത് ഹിജറ 45–ൽ അദ്ദേഹം മദീനയിൽ വഫാത്തായി. അപ്പോൾ അദ്ദേഹത്തിന് 115 വയസ്സായിരുന്നു. ചിലർ അദ്ദേഹം 120–ാം വയസ്സിലാണ് വഫാത്തായതെന്നും പറയുന്നുണ്ട്. ഹദ്റത്ത് ആസിമിന്റെ മരണസമയം ആസന്നമായപ്പോൾ അദ്ദേഹത്തിന്റെ വീട്ടുകാർ കരയാൻ തുടങ്ങി. എന്നെ ഓർത്ത് കരയരുതെന്ന് അദ്ദേഹം അപ്പോൾ അവരോടു പറഞ്ഞു; കാരണം ഞാനെന്റെ പ്രായം പൂർണമായും ജീവിച്ചുകഴിഞ്ഞരിക്കുന്നു.'

നബി(സ)തിരുമേനി തബൂക്ക് യുദ്ധത്തിന് തയ്യാറാകാൻ സ്വഹാബാക്കളോട് കല്പിച്ചപ്പോൾ ധനികരായിട്ടുള്ളവരോട് സമ്പത്തും യാത്രാമൃഗങ്ങളും സംഘടിപ്പിക്കുവാനും മറ്റുള്ളവരോട് അവരുടെ അവസ്ഥയനുസരിച്ച് ത്യാഗം ചെയ്യുവാനും പറയുകയുണ്ടായി. അതുകേട്ട് വിവിധ ആളുകൾ തങ്ങളുടെ കഴിവിന്നനുസരിച്ച് ത്യാഗങ്ങൾ വരിച്ചു. ആ സമയത്ത് ഹദ്റത്ത് അബൂബക്കർ(റ) വീട്ടിലെ മുഴുവൻ സമ്പാദ്യവും കൊണ്ടുവന്നു. അത് നാലായിരം ദിർഹം ഉണ്ടായിരുന്നു. നബി(സ)തിരുമേനി ഹദ്റത്ത് അബൂബക്കർ(റ)നോടു ചോദിച്ചു: 'വീട്ടിലുള്ളവർക്കായി വല്ലതും ബാക്കിവച്ചിട്ടുണ്ടോ?' അദ്ദേഹം പറഞ്ഞു: 'വീട്ടിലുള്ളവർക്ക് അല്ലാഹുവിനെയും അവന്റെ റസൂലിനെയും ബാക്കി വച്ചാണ് വന്നിരിക്കുന്നത്.' ഹദ്റത്ത് ഉമർ(റ) തന്റെ വീട്ടിലെ പകുതി മുതൽ കൊണ്ടുവന്നു. നബി(സ)തിരുമേനി ഹദ്റത്ത് ഉമർ(റ)നോടു ചോദിച്ചു: 'വീട്ടിലുള്ളവർക്ക് വല്ലതും ബാക്കി വച്ചിട്ടുണ്ടോ?' പകുതി മുതൽ ബാക്കിവച്ചിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ആ അവസരത്തിൽ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഔഫ്(റ) നൂറു ഔഖിയ നൽകുകയുണ്ടായി. നാല്പതു ദിർഹമാണ് ഒരു ഔഖിയ. നബി(സ) തിരുമേനി പറഞ്ഞു: 'ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാനും അബ്ദുർറഹ്മാൻ ബിൻ ഔഫും ഭൂമിയിയിലെ അല്ലാഹുവിന്റെ ഖജനാവുകളിൽ നിന്നുള്ള ഖജനാവുകളാകുന്നു. അവർ അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി ചെലവഴിക്കുന്നു. ഈ അവസരത്തിൽ സ്ത്രീകളും തങ്ങളുടെ ആഭരണങ്ങൾ സമർപ്പിച്ചു. ഹദ്റത്ത് ആസിം ബിൻ അദിയ്യിനെ കുറിച്ചാണ് ഇപ്പോൾ വിവരിച്ചുകൊണ്ടിരിക്കുന്നത്. അദ്ദേഹം എഴുപത് 'വസ്ഖ്'

ഈന്തപ്പഴം നൽകുകയുണ്ടായി. ഒരു 'വസ്ഖ്' എന്നത് അറുപത് 'സാഅ്' ആണ്. ഒരു 'സാഅ്' ഏകദേശം രണ്ടര 'സേർ' ആകുന്നു. അങ്ങനെ മൊത്തം ഈന്തപ്പഴത്തിന്റെ തൂക്കം 262 'മൻ' ആകുന്നു. നാല്പത് കിലോ ആണ് ഒരു മൻ.(അസ്സീറത്തുൽ ഹൽബിയ്യ, വാള്യം 3, പേജ് 183–184, ഗസ് വ തബൂക്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002). (ലുഗാത്തുൽ ഹദീഥ്, വാള്യം 1. പേജ് 82, 'ഔഖിയ യവാള്യം 4, പേജ് 487, 'വസ്ഖ്', വാള്യം 2, പേജ് 648, 'സാഅ്' നാശിർ നുഅ്മാനീ, കുതുബ് ഖാന ലാഹോർ 2005)

ഒരു 'മന്ന്' ഏകദേശം പാക്കിസ്താനിലെ 40 'സേർ' തൂക്കമാണ്. അല്ലെങ്കിൽ 39 കിലോ, അല്ലെങ്കിൽ 38 കിലോ ആകുന്നു.എന്തായാലും ഹദ്റത്ത് ആസിമും ഈ അവസരത്തിൽ അദ്ദേഹത്തിന്റ കൈയിലുണ്ടായിരുന്ന ഈത്തപ്പഴം നല്കി. വലിയ അളവ് ഈത്തപ്പഴമാണ് അദ്ദേഹം നൽകിയത്. ഹദ്റത്ത് ആസിം ബിൻ അദിയ്യ് നബി(സ)തിരുമേനി മസ്ജിദ് ളിറാർ പൊളിച്ചു നീക്കാൻ കല്പന നൽകപ്പെട്ട സ്വഹാബാക്കളിൽപെട്ടയാളായിരുന്നു. ഇതിന്റെ വിശദീകരണം നല്കപ്പെട്ടിട്ടുള്ളത് ഇങ്ങനെയാണ്.

ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) നിവേദനം: 'മസ്ജിദ് ഖുബാ ഉണ്ടാക്കിയത് ബനൂ അംറ് ബിൻ ഔഫാണ്. അവിടെ വരാനും നമസ്കരിക്കാനും നബി(സ)തിരുമേനിക്ക് അയാൾ സന്ദേശമയച്ചു. ബനൂഗനം ബിൻ ഔഫിന്റെ ചിലയാളുകൾ ഈ മസ്ജിദ് കണ്ടപ്പോൾ തങ്ങളും ബനൂഅംറ് ഉണ്ടാക്കിയതുപോലെ ഒരു മസ്ജിദ് ഉണ്ടാക്കുമെന്ന് പറഞ്ഞു; അബൂ അംറ് ആജ്ഞാലംഘകനും കഠിന ഇസ്‌ലാം വിരോധിയും ഫിത്ന ഉണ്ടാക്കുന്ന ആളുമായിരുന്നു. നിങ്ങളും ഒരു മസ്ജിദുണ്ടാക്കാനും കഴിയുന്നത്ര ആയുധങ്ങൾ ശേഖരിച്ചുവെക്കാനും അയാൾ അവരോടു പറഞ്ഞു. അതിനെ കുഴപ്പങ്ങളുടെ കേന്ദ്രമാക്കുക എന്നതായിരുന്നു അയാളുടെ ഉദ്ദേശ്യം. അയാൾ പറഞ്ഞു: ഞാൻ റോമൻ രാജാവായ ഖയ്സറിന്റെയടുക്കൽ പോകുകയാണ്. അവിടെനിന്ന് ഒരു റോമൻ സൈന്യത്തെ കൊണ്ടുവരും. പിന്നീട് മുഹമ്മദിനേയും(സ)അയാളുടെ കൂട്ടുകാരേയും ഇവിടെനിന്ന് പുറത്താക്കും.

മസ്ജിദ് പൂർത്തിയായപ്പോൾ അവരുടെ ആളുകൾ നബി(സ) തിരുമേനിയുടെ അടുക്കൽ വന്ന് തങ്ങൾ ഈ മസ്ജിദ് രോഗികൾക്കും ഭിന്നശേഷിക്കാർക്കും വേണ്ടി നിർമിച്ചതാണെന്ന് പറഞ്ഞു; അവർക്ക് ദൂരത്ത് പോയി നമസ്കരിക്കാൻ കഴിയില്ല. ഈ മസ്ജിദിൽ നമസ്കരിപ്പിക്കാൻ വരണമെന്ന് നബി(സ)തിരുമേനിയോടു അപേക്ഷിച്ചു. നബി(സ)തിരുമേനി പറഞ്ഞു: 'ഞാനിപ്പോൾ യാത്ര പോകാനുള്ള തിരക്കിലാണ്. യാത്ര പോകുകയാണ്. ഇൻശാഅല്ലാഹ്. ഞാൻ തിരിച്ചെത്തിയാൽ ഞാൻ നമസ്കരിപ്പിക്കുന്നതാണ്.' ഈ യാത്ര തബൂക് യുദ്ധത്തിനുവേണ്ടിയായിരുന്നു. തബൂക് യുദ്ധത്തിൽ നിന്ന് തിരിച്ചുവന്നപ്പോൾ നബി(സ)തിരുമേനി മദീനയിൽനിന്ന് കുറച്ചകലെയുള്ള സ്ഥലമായ ദീ അവാനിൽ–അതിനും മദീനയ്ക്കുമിടയിൽ ഒരു മണിക്കൂർ ദൂരമുണ്ട്– താമസിച്ചു. അപ്പോൾ നബി(സ)തിരുമേനിക്ക് ളിറാർ മസ്ജിദിനെ സംബന്ധിച്ച് ഇങ്ങനെ വഹ്‌യുണ്ടായി. വിശുദ്ധ ഖുർആനിൽ സൂറ തൗബയിൽ പറയുന്നു: *വല്ലദീനത്തഖദൂ മസ്ജിദൻ ളിറാറൻ വ്വ കുഫ്റൻ വ്വ തഫ്‌രീഖൻ ബയ്നൽ മുഅ്മിനീന വ ഇർസാദൻ ല്ലിമൻ ഹാറബല്ലാഹ വ റസൂലഹു മിൻ ഖബ്‌ലു വലയഹ്ലിഫുന്ന ഇൻ അറദ്നാ ഇല്ലൽഹുസ്നാ വല്ലാഹു യശ്ഹദു ഇന്നഹും ലകാദിബൂൻ*

ഇസ്‌ലാമിനെ ദ്രോഹിക്കാനും അവിശ്വാസത്തെ സഹായിക്കാനും വിശ്വാസികൾക്കിടയിൽ ഭിന്നിപ്പുണ്ടാക്കാനും അല്ലാഹുവിനോടും അവന്റെ ദൂതനോടും ഇതിനു മുമ്പേ യുദ്ധം ചെയ്തവന് ഒരു താവളമാക്കാനും വേണ്ടി ഒരു മസ്ജിദ് ഉണ്ടാക്കിയവരും ആ കപടവിശ്വാസികളുടെ കൂട്ടത്തിലുണ്ട്. ഞങ്ങൾ നന്മയല്ലാതെ മറ്റൊന്നും ഉദ്ദേശിച്ചിട്ടില്ലെന്ന് അവർ ദൃഢസ്വരത്തിൽ സത്യം ചെയ്തുപറയും. അവർ കള്ളം പറയുന്നവർ തന്നെയാണെന്ന് അല്ലാഹു സാക്ഷ്യം വഹിക്കുന്നു. (9:107)

നബി(സ)തിരുമേനി അതിനുശേഷം ഹദ്റത്ത് മാലിക് ബിൻ ദഖ്ശമിനേയും മഅൻ ബിൻ അദിയ്യേയും വിളിച്ചു. മസ്ജിദ് ളിറാർ തകർക്കാൻ അവർക്ക് കല്പന നല്കി. കുറച്ചു നിവേദനങ്ങളിൽ ഇങ്ങനെയുമുണ്ട്. ഹദ്റത്ത് ആസിം ബിൻ അദിയ്യേയും അംറ് ബിൻ സകനേയും ഹദ്റത്ത് ഹംസയെ ശഹീദാക്കിയ വഹ്ശിയേയും സുവയ്ദ് ബിൻ അബ്ബാസിനേയും ഈ ഉദ്ദേശ്യത്തിന് നബി(സ)തിരുമേനി അയച്ചു. ശറഹ് സുർഖാനിയിൽ ഇങ്ങനെയുമെഴുതിയിരിക്കുന്നു: നബി(സ) തിരുമേനി ആദ്യം രണ്ടുപേരെ അയച്ചതാകാനും പിന്നീട് നാലുപേരെ അവരെ സഹായിക്കാൻ അയച്ചതാകാനും സാധ്യതയുണ്ട്. നബി(സ)തിരുമേനി അവരോടു മസ്ജിദ് ളിറാറിന്റെ ഭാഗത്തു പോകാനും അത് തകർക്കാനും തീയിടാനും നിർദേശിച്ചു. ഇദ്ദേഹം പറയുന്നു: 'ഈയാളുകൾ വളരെ വേഗം ബനൂ സാലിം ഗോത്രത്തിലെത്തി; അത് മാലിക് ബിൻ ദഗ്ശമിന്റെ ഗോത്രമായിരുന്നു. ഹദ്റത്ത് മാലിക് ബിൻ ദഗ്ശം, ഹദ്റത്ത് മഅനോടു പറഞ്ഞു: ഞാൻ വീട്ടിൽനിന്ന് തീ കൊണ്ടുവരുന്നതുവരെ എനിക്ക് കുറച്ച് സാവകാശം തരിക. അങ്ങനെ അദ്ദേഹം വീട്ടിൽനിന്ന് ഈത്തപ്പനയുടെ ഉണക്കത്തണ്ട് തീ പിടിപ്പിച്ചുകൊണ്ടുവന്നു. പിന്നീട് അവർ മഗ്‌രിബിനും ഇശായ്ക്കുമിടയിൽ മസ്ജിദ് ളിറാറിന്റെ അടുത്തെത്തി. അതിന് തീ കൊടുത്തു. അത് നിലംപരിശാക്കി. ഇതിന്റെ കുറച്ചുഭാഗം ഞാൻ ഹദ്റത്ത് മാലിക് ബിൻ ദഗ്ശമിനെ സംബന്ധിച്ച് പറഞ്ഞപ്പോൾ വിവരിച്ചിരുന്നു. എന്തായാലും ഈ നേരത്ത് ആ മസ്ജിദ് ഉണ്ടാക്കിയവർ അവിടെ ഉണ്ടായിരുന്നു. എന്നാൽ, തീ പിടിച്ചതിനുശേഷം അവർ അങ്ങോട്ടും ഇങ്ങോട്ടും ഓടിമറഞ്ഞു. നബി(സ)തിരുമേനി മദീനയിലെത്തിയപ്പോൾ, ആ മസ്ജിദിന്റെ സ്ഥലം ആസിംബിൻ അദിയ്യിന് (അദ്ദേഹത്തിന്റെ സ്മരണയാണ് നടന്നുവരുന്നത്)വീടു വെക്കുന്നതിന് നൽകാൻ തീരുമാനിച്ചു. പക്ഷേ, ആസിംബിൻ അദിയ്യ് പറഞ്ഞു: ഞാൻ ഈ സ്ഥലം വാങ്ങുകയില്ല. കാരണം അല്ലാഹു ഈ സ്ഥലത്തെ കുറിച്ച് ഇറക്കേണ്ടത് ഇറക്കിയിരിക്കുന്നു. അതുകൊണ്ട് അദ്ദേഹം ഒഴികഴിവു പറഞ്ഞു. അതായത് അല്ലാഹുവിന് അവിടുത്തെ കെട്ടിടം ഇഷ്ടപ്പെട്ടില്ല. അതുകൊണ്ട് താനും അത് ഇഷ്ടപ്പെടുന്നില്ല. അങ്ങനെ നബി(സ)തിരുമേനി ആ സ്ഥലം ഥാബിത് ബിൻ അഖ്‌റമിനു നൽകി. കാരണം അദ്ദേഹത്തിന് വീടുകളൊന്നുമില്ല. ആസിംബിൻ അദിയ്യ് പറഞ്ഞു: 'എന്റെ കൈയിൽ വീടുമുണ്ട്. എനിക്ക് ഇഷ്ടക്കേടും തോന്നുന്നു. അത് ഥാബിത് ബിൻ അഖ്‌റമിനു നൽകുന്നത് നന്നായിരിക്കും. കാരണം അദ്ദേഹത്തിനു വീടില്ല. അവിടെ അദ്ദേഹം വീടുണ്ടാക്കുന്നതായിരിക്കും. അങ്ങനെ നബി(സ)തിരുമേനി ആ ളിറാർ മസ്ജിദിന്റെ ആ സ്ഥലം ഥാബിത് ബിൻ അഖ്‌റമിനു നൽകി.

ഇബ്നു ഇസ്ഹാഖ് പറഞ്ഞതനുസരിച്ച് മസ്ജിദ് ളിറാർ ഉണ്ടാക്കിയവരുടെ പേരുകൾ ഇപ്രകാരമാണ്. ഖിദാം ബിൻ ഖാലിദ്, മഅ്തബ് ബിൻ ഖശീർ, അബൂ ഹബീബത്ത ബിൻ അസ്അർ, അബ്ബാദ് ബിൻ ഹുനയ്ഫ്, ജാരിയ ബിൻ ആമിർ, അയാളുടെ രണ്ട് മക്കൾ മജ്മഅ് ബിൻ ജാരിയ, സയ്ദ് ബിൻ ജാരിയ, നുഫയ്ൽ ബിൻ ഹർഥ്, ബഖ്സജ് ബിൻ ഉഥ്മാൻ, വദീഅ. ഇവരായിരുന്നു നബി(സ)തിരുമേനി ഫാസിഖ് എന്നു പേരിട്ട അബൂ ആമിർ പുരോഹിതന്റെ കൂടെയുണ്ടായിരുന്നത്. (സുബുലുൽ ഹുദാ വർറശാദ് വാള്യം 5, പേജ് 470–472, തബൂഖ് യുദ്ധം, പ്രസാധകർ ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1993) (ശറഹ് അസ്സുർഖാനീ അലൽ മവാഹിബില്ലദുന്നിയ്യ, ഭാഗം 4, പേജ് 97–98 ഥുമ്മ ഗസ്‌വ തബൂക്, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1996)

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിക്കൽ ഡൽഹിയിലേക്കുള്ള യാത്രയ്ക്കിടയിൽ ഡൽഹിയിലെ ജാമിആ മസ്ജിദ് കണ്ടപ്പോൾ പറയുകയുണ്ടായി, 'വളരെ മനോഹരമായ മസ്ജിദ്.' പക്ഷേ, പറഞ്ഞു: 'മസ്ജിദുകളുടെ യഥാർഥ സൗന്ദര്യം കെട്ടിടങ്ങളുമായിട്ടല്ല. പ്രത്യുത ആത്മാർഥതയോടുകൂടി നമസ്കരിക്കുന്നവരുമായിട്ടാണ്.' അവിടന്നു പറഞ്ഞു: 'ഇല്ലെങ്കിൽ ഈ എല്ലാ മസ്ജിദുകളും ജനശൂന്യമായി കിടക്കുകയാണ്. അക്കാലത്ത് ജനശൂന്യമായി കിടന്ന ധാരാളം മസ്ജിദുകളുണ്ടായിരുന്നു. നബി(സ) തിരുമേനിയുടെ മസ്ജിദ് ചെറുതായിരുന്നു. അവിടന്ന് പറഞ്ഞു: 'ഈന്തപ്പനയുടെ കൊമ്പുകൾ കൊണ്ടാണ് അതിന്റെ മേൽക്കൂര ഉണ്ടാക്കിയിരുന്നത്. ആരംഭത്തിൽ മഴ പെയ്യുമ്പോൾ ചോരുമായിരുന്നു.' അവിടന്ന് പറഞ്ഞു: 'മസ്ജിദിന്റെ സൗന്ദര്യം നമസ്കാരക്കാരുമായിട്ടാണ്. നബി(സ)തിരുമേനിയുടെ കാലത്ത് ഭൗതികരും ഒരു മസ്ജിദുണ്ടാക്കിയിരുന്നു. അത് അല്ലാഹുവിന്റെ കല്പനയാൽ തകർക്കപ്പെട്ടു. ആ മസ്ജിദിന്റെ പേര് മസ്ജിദ് ളിറാർ എന്നായിരുന്നു. അതായത് ദ്രോഹമുണ്ടാക്കുന്ന മസ്ജിദ്. ആ മസ്ജിദ് നിലംപരിശാക്കപ്പെട്ടു. മസ്ജിദുകളെ സംബന്ധിച്ച് കല്പനയുണ്ട്.' അവിടന്ന് പറഞ്ഞു: 'മസ്ജിദുകളെ സംബന്ധിച്ച കല്പന, ദൈവഭയത്തിനു വേണ്ടി(തഖ്‌വയ്ക്കുവേണ്ടി)നിർമിക്കപ്പെടണം എന്നതാണ്.'(മൽഫൂദാത്ത്, വാള്യം 8, പേജ്170)

ഇതാണ് മസ്ജിദിന്റെ യാഥാർഥ്യം. ഈയിടെയായി മുസ്‌ലിമീങ്ങളുടെ ഒരു വിഭാഗത്തിന് മസ്ജിദുകൾ ജനസാന്ദ്രമാക്കുന്നതിന് ശ്രദ്ധയുണ്ടായിട്ടുണ്ട്. അത്ഭുതകരമായ കാര്യം ഈ ശ്രദ്ധയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗമനത്തിനുശേഷമാണുണ്ടായത്. കുറച്ച് സാഹചര്യങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ, തന്റേടമുണ്ടായിട്ടുണ്ടെങ്കിൽ, ആരാധനയിലേക്ക് ശ്രദ്ധ ഉണ്ടായിട്ടുണ്ടെങ്കിൽ, ബാഹ്യമായ ആരാധനയിലേക്ക് ശ്രദ്ധയുണ്ടായിട്ടുണ്ടെങ്കിൽ അതും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാദത്തിനുശേഷമാണ്. പക്ഷേ, ഇങ്ങനെയാണെങ്കിലും വലിയ ശ്രദ്ധയോടെ മസ്ജിദുകൾ നിർമിക്കുന്നു. മനോഹരമായ മസ്ജിദുകളാണ് നിർമിക്കുന്നത്. ഈയിടെയായി പ്രത്യേകിച്ചും പാക്കിസ്താൻ തുടങ്ങിയ രാജ്യങ്ങളിൽ അത് ജനസാന്ദ്രമാക്കിത്തീർക്കാൻ ചിലയാളുകൾക്ക് ശ്രദ്ധയുണ്ടായിട്ടുണ്ട്. പക്ഷേ, ഇത് തഖ്‌വയിൽനിന്ന് ശൂന്യമായ മസ്ജിദുകളാണ്. അല്ലാഹു മസ്ജിദ് ളിറാർ തകർക്കാൻ കല്പന നല്കി. അതിനെ തുടർന്നുള്ള ഖുർആനിക വചനത്തിലും വ്യക്തമായും പറഞ്ഞു, തഖ്‌വയിൽ അടിത്തറ പണിതിട്ടുള്ള മസ്ജിദാണ് യഥാർഥ മസ്ജിദ്. പക്ഷേ, അനഹ്മദി ഉലമാ, തങ്ങളുടെ അറിവിൽ തഖ്‌വ എന്ന് മനസ്സിലാക്കിയിട്ടുള്ളത് ഹദ്റത്ത് മസീഹ് മൗഊദിനെതിരിൽ മസ്ജിദിൽ എഴുന്നേറ്റുനിന്ന് എല്ലാ ചീത്തയും പറയുക എന്നതാണ്. വൃത്തികെട്ടതും മലീമസവുമായ പദങ്ങൾ ഉപയോഗിക്കുക എന്നതാണ്; ജമാഅത്തിനെ ചീത്തപറയുകയും. ഇത് മാത്രമല്ല പ്രത്യുത മസ്ജിദുകളിൽ ഇമാമത്തിന്റെയും കക്ഷികളുടേയും പേരിലുള്ള ചേരിതിരിവ് കാരണത്താൽ പരസ്പരവും

ചീത്ത പറയുന്നു. ഇപ്പോൾ എല്ലാ സംഭവങ്ങളും വൈറലായിക്കൊണ്ടിരിക്കുന്നു. മസ്ജിദുകളിൽ കലാപങ്ങളുണ്ടാകുന്നു. പരസ്പരം ചീത്തപറയുന്നു. ഇതെല്ലാം വിളിച്ചോതുന്നത് അവരിൽ തഖ്‌വയുടെ കുറവുണ്ടെന്നാണ്. മസ്ജിദുകളോടുള്ള യഥാർഥ കടമ നിറവേറ്റപ്പെടുന്നില്ല. അവരുടെ കർമങ്ങളിൽനിന്ന് അഹ്മദികളായ നമ്മൾ പാഠം പഠിക്കണം. നമ്മുടെ മസ്ജിദുകൾ തഖ്‌വയിൽ നിലകൊള്ളുന്നതാക്കി നിറുത്താൻ ശ്രമിക്കേണ്ടതാണ്. അതുകൊണ്ട് നമ്മൾ തഖ്‌വയെ മുന്നിൽവച്ചുകൊണ്ട് ഈ മസ്ജിദുകൾ ജനസാന്ദ്രമാക്കാൻ വരിക. ഇതാണ് യഥാർഥ വസ്തുത. ഇത് നിലകൊള്ളുകയാണെങ്കിൽ, നിലനില്ക്കുവോളം ഇൻശാഅല്ലാഹ് ദൈവകൃപയാൽ നമ്മൾ അല്ലാഹുവിന്റെ അനുഗ്രഹത്തിന് അനന്തരാവകാശികളായിക്കൊണ്ടിരിക്കും.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) ലിമൻ ഹാരിബല്ലാഹു എന്നതിനെ വിശദീകരിച്ചുകൊണ്ടു പറയുന്നു: 'ഇത് അബൂ ആമിറിനെക്കുറിച്ചാണു പറയുന്നത്. അയാൾ ഒരു ക്രിസ്ത്യാനിയായിരുന്നു. അയാളുടെ കുതന്ത്രങ്ങളിൽ ഒന്ന് നബി(സ)തിരുമേനി ആ മസ്ജിദിൽ നമസ്കരിക്കണമെന്നതുമായിരുന്നു. അങ്ങനെ കുറച്ചു മുസ്‌ലിമീങ്ങളും അവിടേക്ക് വരണം. അതിലൂടെ മുസ്‌ലിമീങ്ങളുടെ ജമാഅത്ത് തകർക്കണം. ഈ അബൂ ആമിർ തന്റെ ഒരു സ്വപ്നവും പരസ്യപ്പെടുത്തിയിരുന്നു. അയാൾ പറഞ്ഞു: ഞാൻ കണ്ടു. നബി കരീം(സ) വഹീദൻ ത്വരീദൻ ശരീദൻ വഴിപിഴച്ച് (നഊദുബില്ലാഹ്) ആരോരുമില്ലാതെ മരിക്കുന്നതായിരിക്കും. നബി(സ) തിരുമേനി ഇക്കാര്യം കേട്ട് പറഞ്ഞു: 'സ്വപ്നം സത്യമാണ്. ശരിയാണ് ഇയാൾ പറയുന്നത്. വാസ്തവമെന്താണെന്നാൽ, അയാൾ തന്റെ അവസ്ഥയാണ് കണ്ടത്.' അങ്ങനെത്തന്നെ സംഭവിക്കുകയും ചെയ്തു. അവിടന്ന് പേരെടുത്ത് പറഞ്ഞില്ല. ഇതു സംബന്ധമായി എഴുതുന്നു: ഈ പേര് പറയാതിരുന്നത് യഥാർഥത്തിൽ, ഭാവിയിലാരെങ്കിലും ഇങ്ങനെ ചെയ്താലും അയാളുടെ അന്ത്യവും ഇതുതന്നെയായിരിക്കും എന്നാണ്. (ഹഖാഇഖുൽഫുർഖാൻ, വാള്യം 2, പേജ് 310, വല്ലദീനത്തഖദൂ മസ്ജിദൻ ളിറാറൻ)

പിന്നീട് നമ്മൾ കാണുന്നത് ഇന്നും അത്തരക്കാരായ ശത്രുക്കളുടെ അന്ത്യം ഇങ്ങനെതന്നെയായിക്കൊണ്ടിരിക്കുന്നതാണ്.

**ഹദ്റത്ത് അംറ് ബിൻ ഔഫ്:** അടുത്തതായി വിവരിക്കുവാൻ പോകുന്ന സ്വഹാബിയുടെ പേരാണ് ഹദ്റത്ത് അംറ് ബിൻ ഔഫ്(റ). ഹദ്റത്ത് അംറിന്റെ പേര് ഉമയ്റെന്നും ലഭിക്കുന്നുണ്ട്. പിതാവിന്റെ പേര് ഔഫ് എന്നായിരുന്നു. ഹദ്റത്ത് അംറിന്റെ സംജ്ഞാനാമം അബൂ അംറ് എന്നായിരുന്നു. മക്കയിലാണ് അദ്ദേഹം ജനിച്ചത്. ഇബ്നു സഅ്ദിന്റെ അഭിപ്രായത്തിൽ അദ്ദേഹം യമൻകാരനാണ്.(അൽ ഇസ്വാബ ഫീ തമീസി സ്സ്വഹാബ ലി ഇബ്നി ഹജർ അസ്ഖലാനീ വാള്യം 4, പേജ് 552-553, അംറ് ബിൻ ഔഫ്(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്, ലബ്നാൻ 2005). (അത്ത്വബക്കാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ് 'അംറ് ബിൻ ഔഫ്(റ)' ഭാഗം 3, പേജ് 254, ദാറുൽ ഫിക്ർ ബേറൂത്ത് ലബ്നാൻ 2012)അതായത് യമനിൽ താമസിക്കുന്ന ആളായിരുന്നു. ചരിത്രകാരന്മാരും ജീവചരിത്ര രചയിതാക്കളും ഹദീഥ് പണ്ഡിതന്മാരും ഈ സ്വഹാബിയുടെ പേരിനെ സംബന്ധിച്ച് വിവിധ അഭിപ്രായങ്ങൾ പറഞ്ഞിട്ടുണ്ട്. ഇദ്ദേഹത്തെ കുറിച്ച് ഒരുപാട് സംശയങ്ങളുണ്ട്. ഇമാം ബുഖാരി, ഇബ്നു ഇസ്ഹാഖ്, ഇബ്നു സഅ്ദ്, അല്ലാമ ഇബ്നു അബ്ദുൽ ബിർർ, അല്ലാമ ഇബ്നു അഥീർ ജസ്‌രമീ തുടങ്ങിയവർ ഇദ്ദേഹത്തിന്റെ പേര് അംറ് എന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ ഇബ്നുഹിശാമും, മൂസാ ബിൻ ഉഖ്ബയും, അബൂ മഅ്ശർ മുഹമ്മദ് ബിൻ ഉമർ വാഖദി തുടങ്ങിയവരും ഇദ്ദേഹത്തിന്റെ പേര് ഉമയ്ർ എന്നു പറഞ്ഞിരിക്കുന്നു. അല്ലാമ ബദ്റുദ്ദീൻ അയ്നിയും അല്ലാമ ഇബ്നു ഹജ്ർ അസ്ഖലാനിയും ഇരുവരും സ്വഹീഹ് ബുഖാരിയുടെ വ്യാഖ്യാതാക്കളുമാണ്. അതിന് വ്യാഖ്യാനമെഴുതിയിരിക്കുന്നവരാണ്. അവരുടെ അഭിപ്രായത്തിൽ അംറ് ബിൻ ഔഫും ഉമയ്ർ ബിൻ ഔഫും രണ്ടും ഒരാളുടെ പേരാണ്.(അത്ത്വബക്കാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ്, ഉമയ്ർ ബിൻ ഔഫ്, വാള്യം 3, പേജ് 310, വാള്യം 4 പേജ് 269, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)(അൽഇസ്തീആബ് ഫീ മഅ്രിഫത്തിസ്സ്വഹാബ വാള്യം 3, പേജ് 274, അംറ് ബിൻ ഔഫ് അൽഅൻസ്വാരി, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്, ലബ്നാൻ 2002) (ഉംദത്തുൽ ഖാരി ഭാഗം 15, പേജ് 121, കിതാബുൽ ജിസ്‌യ, ദാറു അഹ്‌യാഉത്തുറാഥ് ബേറൂത്ത് ലബ്നാൻ 2003)(അൽ ഇസ്വാബ ഫീ തമീസി സ്സ്വഹാബ ലി ഇബ്നി ഹജർ അസ്ഖലാനീ, വാള്യം 4, പേജ് 552-553, അംറ് ബിൻ ഔഫ്(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2005).(ഉസുദുൽ ഗാബ, വാള്യം 4, പേജ് 2746, അംറ് ബിൻ ഔഫ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003). (ഇബ്നു ഹിശാം പേജ് 463, മിൻ ബനീ ആമിർ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2001)

ഇമാം ബുഖാരിയനുസരിച്ച് ഹദ്റത്ത് അംറ് ബിൻ ഔഫ്(റ) അൻസ്വാരി ഖുറയ്ശിലെ ഗോത്രമായ ബനൂആമിർ ബിൻ ലോഇയുടെ സഖ്യകക്ഷിയായിരുന്നു. ഇബ്നുഹിശാമും ഇബ്നു സഅ്ദും അവരെ ഖുറയ്ശിലെ കുടുംബമായ ബനൂആമിർ ബിൻലോഇ എന്നാണ് പറയുന്നത്. ബുഖാരിയുടെ വ്യാഖ്യാതാവായ അല്ലാമ ബദ്റുദ്ദീൻ അയ്നി ഇത് സാമ്യപ്പെടുത്തിയിരിക്കുന്നു. ഇവയെ (രണ്ടു വിവിധ വിവരണങ്ങളേയും) ഇങ്ങനെ കൂട്ടിച്ചേർത്തിരിക്കുന്നു, പറയുകയാണ് യഥാർഥത്തിൽ ഹദ്റത്ത് അംറ് ബിൻ ഔഫ് അൻസ്വാർ ഗോത്രമായ ഔസ് അല്ലെങ്കിൽ ഖസ്റജിൽനിന്നുള്ളവരായിരുന്നു. അവർ മക്കയിൽപോയി താമസിച്ചു. അവിടെ ചിലയാളുകളുടെ സഖ്യകക്ഷിയായി. ഇതിന്റെ അടിസ്ഥാനത്തിൽ അവർ അൻസ്വാരിയും മുഹാജിറുമായി. (സ്വഹീഹ് ബുഖാരി, കിതാബുൽ ജിസ്‌യ, ബാബു അൽജിസ്‌യത്തി വൽമുവാദഅത്തി മഅ അഹ്‌ലിൽ ഹർബി ഹദീഥ് 3158). (ഉംദത്തുൽഖാരി, ഭാഗം 15, പേജ് 121, കിതാബുൽ ജിസ്‌യ, ദാറു അഹ്‌യാഉത്തുറാഥ് ബേറൂത്ത്, ലബ്നാൻ 2003). ഇബ്നു ഹിശാം പേജ് 463 വ മിൻ ബനീ ആമിർ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2001) അത്ത്വബക്കാത്തുൽ കുബ്റാ, വാള്യം 3, പേജ് 310, മീർ ബിൻ ഔഫ്, പ്രസാധകർ ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

ഹദ്റത്ത് അംറ് ബിൻ ഔഫ് പഴയകാല ഇസ്‌ലാം സ്വീകരിച്ചവരിൽ ഉൾപ്പെടുന്നു.(അത്ത്വബക്കാത്തുൽ വാള്യം 3, പേജ് 254, അംറ് ബിൻ ഔഫ്, പ്രസാധകർ ദാറുൽഫിക്ർ ബേറൂത്ത് 2012)

മക്കയിൽനിന്ന് മദീനയിലേക്കു ഹിജ്റത്തു ചെയ്തപ്പോൾ അദ്ദേഹം ഖുബായിൽ ഹദ്റത്ത് കുൽഥും ബിൻ അൽഹുദമിന്റെ അടുത്താണ് താമസിച്ചത്. ഹദ്റത്ത് അംറ് ബൻ ഔഫ് ബദ്ർ, ഉഹുദ്,ഖൻദഖ് തുടങ്ങി എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തു. (അത്ത്വബക്കാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ്, ഉമയ്ർ ബിൻ ഔഫ്, വാള്യം 3, പേജ് 217, ദാറു അഹ്‌യാഉത്തുറാഥ് അൽഅറബി ബേറൂത്ത് 1996)(അൽ ഇസ്വാബ വാള്യം 3, പേജ് 46 സഅ്ദ് ബിൻ ഖയ്ഥമ(റ), പ്രസാധകർ ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1995).

ഹദ്റത്ത് ഉമറിന്റെ ഖിലാഫത്തു കാലത്താണ് അംറ് ബിൻ ഔഫ്(റ) വഫാത്തായത്. ഹദ്റത്ത് ഉമർ(റ)അദ്ദേഹത്തിന്റെ ജനാസ നമസ്കരിപ്പിച്ചു.(അൽ ഇസ്വാബ ഫീ തമീസി സ്സ്വഹാബ ലി ഇബ്നി ഹജർ അസ്ഖലീനീ, വാള്യം 4, പേജ് 4553, അംറ് ബിൻ ഔഫ്(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2005).

**ഹദ്റത്ത് മഅൻ ബിൻ അദിയ്യ്(റ):** അടുത്ത സ്വഹാബിയുടെ പേരാണ് ഹദ്റത്ത് മഅൻ ബിൻ അദിയ്യ്(റ). അൻസ്വാർ ഗോത്രമായ ബനൂഅംറ് ബിൻ ഔഫിന്റെ സഖ്യകക്ഷികളിൽ പെട്ടയാളായിരുന്നു അദ്ദേഹം.(ഇബ്നു ഹിശാം പേജ് 29, അസ്മാഅ് മിൻ ശുഹ്ദായിൽ അഖബ, പ്രസാധകർ ദാറു ഇബ്നുഹസം,സബേറൂത്ത് 2009)

ഹദ്റത്ത് മഅൻ(റ), ഹദ്റത്ത് ആസിം ബിൻ അദിയ്യിന്റെ സഹോദരനായിരുന്നു. മുമ്പേ ഇദ്ദേഹത്തിന്റെ സ്മരണ കഴിഞ്ഞിട്ടുണ്ട്. ഹദ്റത്ത് മഅൻ എഴുപത് അൻസ്വാരിനോടൊപ്പം അഖബ ബയ്അത്തിൽ പങ്കെടുത്തു. ഇസ്‌ലാം സ്വീകരിക്കുന്നതിനു മുമ്പേ അദ്ദേഹത്തിന് അറബി എഴുതാൻ അറിയാമായിരുന്നു. കൈയെഴുത്ത് വശമായിരുന്നു. അക്കാലത്ത് അറേബ്യയിൽ എഴുത്തു അറിയുന്നവർ വളരെ വിരളമായിരുന്നു. ഹദ്റത്ത് മഅൻ ബദ്ർ, ഉഹുദ്, ഖൻദഖ് യുദ്ധങ്ങളുൾപ്പെടെ എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തു. ഹദ്റത്ത് സയ്ദ് ബിൻ ഖത്വാബ് മക്കയിൽനിന്ന് മദീനയിൽ ഹിജറത്ത് ചെയ്തപ്പോൾ അതിനുശേഷം നബി(സ) തിരുമേനി ഹദ്റത്ത് മഅൻ ബിൻ അദിയ്യേയും ഹദ്റത്ത് സയ്ദ് ബിൻ ഖത്വാബിനേയും സഹോദരന്മാരാക്കി.(അത്ത്വബക്കാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ് വാള്യം 3, പേജ് 244-245, മഅൻ ബിൻ അദിയ്യ്, ദാറു അഹ്‌യാഉത്തുറാഥ് അൽ അറബി ബേറൂത്ത് ലബ്നാൻ 1996).

ഹദ്റത്ത് ഉമർ വിവരിക്കുന്നു, നബി(സ) തിരുമേനി വഫാത്തായപ്പോൾ ഞാൻ അബൂബക്കർ(റ)നോടു പറഞ്ഞു; താങ്കൾ നമ്മോടൊപ്പം നമ്മുടെ സഹോദരങ്ങളായ അൻസ്വാറിന്റെ അടുത്ത് വരിക. അങ്ങനെ ഞങ്ങൾ പോയി. അപ്പോൾ അവരിൽനിന്ന് ബദ്റിൽ പങ്കെടുത്ത രണ്ടു മാന്യരായ വ്യക്തികളെ കണ്ടു. ഞാനിക്കാര്യം ഉർവ്വ ബിൻ സുബയ്റിനോടു പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: അവർ ഉവയിം ബിൻ സായിദയും ഹദ്റത്ത് മഅൻ ബിൻ അദിയ്യുമാണ്. (സ്വഹീഹുൽ ബുഖാരി കിതാബുൽ മഗാസി ബാബു ശുഹദാഉൽമലാഇക്കത്തി ബദ്ർ, ഹദീഥ് 4021)

നിവേദകൻ തുടർന്നെഴുതുന്നു: ഇപ്പോൾ വിവരിച്ച ഹദ്റത്ത് ഉമറിന്റെ നിവേദനത്തിന്റെ വിശദീകരണങ്ങൾ ബുഖാരിയിലെ മറ്റൊരു നിവേദനത്തിലും രേഖപ്പെടുത്തിയിട്ടുണ്ട്. അതിലെ കുറച്ചു ഭാഗം സമർപിക്കുകയാണ്:

ഹദ്റത്ത് ഇബ്നു അബ്ബാസ് വിവരിക്കുന്നു: 'ഞാൻ മുഹാജിരീംകളിൽപ്പെട്ട പല ആളുകളേയും വിശുദ്ധ ഖുർആൻ പഠിപ്പിച്ചിരുന്നു. അവരിൽ അബ്ദുർറഹ്മാൻ ബിൻ ഔഫും ഉണ്ടായിരുന്നു. ഒരിക്കൽ ഞാൻ അദ്ദേഹത്തിന്റെ മിനായിലുള്ള വീട്ടിലായിരുന്നപ്പോൾ അദ്ദേഹം ഉമർ ബിൻ ഖത്വാബിന്റെ വീട്ടിൽ പോയിരിക്കുകയായിരുന്നു. ഈ സംഭവം ഹദ്റത്ത് ഉമർ(റ)ചെയ്ത അവസാനത്തെ ഹജ്ജിന്റെ അവസരത്തിലുള്ളതാണ്. ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ് എന്റെയടുക്കൽ തിരിച്ചെത്തിയപ്പോൾ എന്നോട് പറഞ്ഞു: ഇന്ന് അമീറുൽ മുഅ്മിനീന്റെ അടുക്കൽ വന്ന ആ വ്യക്തിയെ കാണാൻ താങ്കളുമുണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നു. ആ വ്യക്തി പറയുകയാണ്: അല്ലയോ അ

മീറുൽ മുഅ്മിനീൻ, ഉമർ കാലഗതി പ്രാപിച്ചു കഴിഞ്ഞാൽ ഞാൻ ഇന്നയാൾക്ക് ബയ്അത്ത് ചെയ്യുമെന്നു പറഞ്ഞ ആളെക്കുറിച്ചുള്ള വിവരം താങ്കൾക്കുണ്ടോ? പിന്നീട് അയാൾ പറഞ്ഞു: അല്ലാഹുവാണ! അബൂബക്കറിന്റെ ബയ്അത്ത്, ബഹളങ്ങൾക്കും കോലാഹലങ്ങൾക്കുമിടയിലാണ് നടന്നത്. എന്നല്ല ഹദ്റത്ത് അബൂബക്കർ(റ)വിന്റെ ബയ്അത്ത് നഊദുബില്ലാഹ് ബഹളത്തിന്നിടയിൽ അബദ്ധവശാലാണ് നടന്നത്. ഇങ്ങനെയാണ് ഖിലാഫത്തിന്റെ ഈ സ്ഥാനം അദ്ദേഹത്തിന് കിട്ടിയത്. ഇതുകേട്ടപ്പോൾ ഹദ്റത്ത് ഉമർ വിഷമത്തിലായി. അദ്ദേഹം പറഞ്ഞു: 'അല്ലാഹു ആഗ്രഹിക്കുകയാണെങ്കിൽ ഇന്ന് വൈകുന്നേരം ഞാൻ ജനങ്ങളുടെ ഇടയിൽ നിന്നുകൊണ്ട് സംസാരിക്കുകയും ഇത്തരം പ്രശ്നങ്ങൾ സ്വയംകൈയിലെടുക്കാനാഗ്രഹിക്കുന്നവരെക്കുറിച്ച് ജാഗ്രതപ്പെടുത്തുകയും ചെയ്യുന്നതാണ്.' ഹദ്റത്ത് അബ്ദുർ റഹ്മാൻ പറയുന്നു: 'ഞാൻ പറഞ്ഞു, അമീറുൽ മുഅ്മിനീൻ അങ്ങനെ ചെയ്യരുത്. കാരണം ഹജ്ജിൽ ഒന്നുമറിയാത്തവരും ദുർന്നടപ്പുകാരും സമ്മേളിച്ചിട്ടുള്ളതാണ്. അങ്ങ് ആളുകളുടെ ഇടയിൽ നില്ക്കുമ്പോൾ ഇക്കൂട്ടർ ബലാൽക്കാരമായി അങ്ങയുടെ അടുത്തെത്തുന്നതായിരിക്കും. സംഘടിക്കുന്നതായിരിക്കും. അങ്ങ് എഴുന്നേറ്റുനിന്ന് എന്തെങ്കിലും സംസാരിക്കുമ്പോൾ ആളുകൾ മറ്റെന്തെങ്കിലുമായി വ്യാഖ്യാനിച്ച് പ്രശ്നമുണ്ടാക്കുമോ എന്ന് ഞാൻ ഭയപ്പെടുന്നു. യഥാർഥ രീതിയിൽ അവർ അത് കാണാതിരിക്കുമോ? പിന്നീട് അത് വ്യക്തമാക്കാൻ അവസരവും ഉണ്ടാകുകയില്ല. പിന്നീട് അദ്ദേഹം ഹദ്റത്ത് ഉമറിനോടു അഭിപ്രായം പറഞ്ഞു. മദീനയിൽ എത്തുന്നതുവരെ അങ്ങ് കാത്തിരിക്കുക. ഹജ്ജിന്റെ നാളുകളായിരുന്നു. മദീനയിലെത്തിക്കഴിഞ്ഞാൽ അത് ഹിജറത്തിന്റേയും സുന്നത്തിന്റേയും സ്ഥാനമാണല്ലോ. കാര്യങ്ങൾ മനസ്സിലാക്കുന്നവരേയും മാന്യന്മാരേയും മാറ്റിനിറുത്തി അങ്ങയ്ക്ക് പറയാവുന്നത് സമാധാനത്തോടെ പറയാവുന്നതാണ്.' ഞാൻ പറഞ്ഞു: 'ജ്ഞാനികൾ അങ്ങ് പറയുന്ന കാര്യം മനസ്സിലാക്കും. ഉചിതമായ സ്ഥലത്ത് അത് പ്രയോഗിക്കുകയും ചെയ്യും. സ്വന്തം സ്വന്തം വ്യാഖ്യാനങ്ങൾ നല്കുകയില്ല. പിന്നീട് ഹദ്റത്ത് ഉമർ(റ) പറഞ്ഞു, വളരെ നല്ലതുതന്നെ. അല്ലാഹുവാണ! ഇൻശാഅല്ലാഹ്! ആദ്യമായി മദീനയിൽ ഖുത്ബ കൊടുക്കാൻ എഴുന്നേറ്റുനില്ക്കമ്പോൾ ഞാൻ അവിടെ ചെന്നയുടനെ ഇക്കാര്യം പറയുന്നതായിരിക്കും. ഇബ്നു അബ്ബാസ്(റ) പറയുന്നു: 'ഞാൻ മദീനയിൽ ദുൽഹിജ്ജയുടെ അവസാനത്തിലെത്തി. ജുമുഅ ദിവസം സൂര്യൻ ചായുകയും ജുമുഅയുടെ നേരം ആകുകയും ചെയ്തപ്പോൾ ഞാൻ വേഗം മസ്ജിദിൽ വന്നു. അവിടെ എത്തി ഞാൻ സയീദ് ബിൻ സയ്ദിനെ മിമ്പറിന്റെ അടുക്കൽ ഇരിക്കുന്നത് കണ്ടു. ഞാനും അദ്ദേഹത്തിന്റെ അടുത്തിരുന്നു. എന്റെ കാൽമുട്ട് അദ്ദേഹത്തിന്റെ കാൽമുട്ടിനോടു മുട്ടിയിരുന്നു.' ഇപ്പോൾ ഇദ്ദേഹം പൂർണമായ വിശദീകരണം നല്കുകയാണ്: 'ഉച്ചസമയം കഴിഞ്ഞതേയുള്ളൂ. ഹദ്റത്ത് ഉമർ ബിൻ ഖത്വാബ് പുറപ്പെട്ടു. അടുത്തൂടെ വരുന്നത് കണ്ടപ്പോൾ ഞാൻ സയീദ് ബിൻ സയ്ദിനോടു പറഞ്ഞു: 'ഖലീഫയായതിനുശേഷം ഇതുവരെ പറയാത്ത കാര്യമായിരിക്കും ഇന്ന് അദ്ദേഹം പറയുക.' ഞാൻ പറഞ്ഞത് അദ്ദേഹത്തിന് വിസ്മയമായി തോന്നി; അദ്ദേഹത്തിന്റെ അടുത്തിരുന്ന സ്വഹാബി അത് അത്ഭുതമായി മനസ്സിലാക്കി. അദ്ദേഹം പറഞ്ഞു: 'ഇതിനുമുമ്പേ അദ്ദേഹം പറയാത്തതായ അത്തരം കാര്യം പറയുമെന്ന് ഞാൻ കരുതുന്നില്ല.'

ഹദ്റത്ത് ഉമർ മിമ്പറിൽ കയറിയിരുന്നു. ബാങ്കുകൊടുക്കുന്നയാൾ നിറുത്തിയപ്പോൾ എഴുന്നേറ്റു നിന്നുകൊണ്ട് അല്ലാഹുവിനെ അർഹിക്കുന്ന വിധത്തിൽ സ്തുതിച്ചുകൊണ്ടു പറഞ്ഞു: 'അമ്മാ ബഅ്ദ്, ഞാൻ തന്നെ പറയേണ്ടതായി വിധിക്കപ്പെട്ടിരുന്ന ഒരു കാര്യം ഞാൻ നിങ്ങളോടു പറയുകയാണ്. ഇത് എന്റെ മരണത്തോടു അടുത്തെത്തിയിരിക്കുന്ന കാര്യമാണോ എന്നെനിക്കറിയില്ല. അതുകൊണ്ട് ആരാണോ ഇത് മനസ്സിലാക്കുകയും നല്ലവണ്ണം ഓർമ വെക്കുകയും ചെയ്യുന്നത് എവിടെയൊക്കെ അയാളുടെ ഒട്ടകം അയാളെ എത്തിക്കുന്നവോ അവിടെയുള്ളവർക്ക് –അതായത് എവിടംവരെ ഇക്കാര്യം എത്തിക്കാൻ കഴിയുമോ എത്തിക്കേണ്ടതാണ് –വിവരിച്ചുകൊടുക്കുക. ശരിയായി മനസ്സിലാക്കിയിട്ടില്ലെന്ന് ആശങ്കയുള്ളവർ, ഞാൻ പറഞ്ഞത് കളവായി വിവരിക്കപ്പെട്ടുപോകുമോ എന്ന് ഭയപ്പെടുന്നവർ തെറ്റായ കാര്യം എത്തിക്കരുത്. പിന്നീട് അവിടന്ന് പറഞ്ഞു: 'അല്ലാഹു മുഹമ്മദ്(സ)നെ സത്യത്തോടുകൂടി അയച്ചു. അങ്ങയ്ക്ക് ശരീഅത്ത് കല്പനകൾ ഇറക്കി. പിന്നീട് ചില കല്പനകളും പറഞ്ഞു.' ദീർഘമായൊരു വിശദീകരണമാണ്. ഇത് ഹദീഥാണ്. തൽക്കാലം ഞാൻ ഇത് വിടുകയാണ്. പിന്നീട് അവിടന്ന് പറഞ്ഞു: 'കേൾക്കുക! പിന്നീട് നബി (സ) തിരുമേനി ഇങ്ങനെ പറഞ്ഞു: 'ഈസബ്നു മർയമിനെ പുകഴ്ത്തുന്നതിൽ അതിശയോക്തി കാണിച്ചതുപോലെ അതിരുകവിഞ്ഞ് എന്നെ പുകഴ്ത്താതിരിക്കുക.' അദ്ദേഹം പറഞ്ഞു: 'നബി (സ) തിരുമേനി പറഞ്ഞത് തന്നെ സംബന്ധിച്ച് അല്ലാഹുവിന്റെ ദാസനും അവന്റെ ദൂതനുമാണെന്ന് പറയുക എന്നാണ്.

അതിനുശേഷം ഹദ്റത്ത് ഉമർ പറഞ്ഞു: ഹദ്റത്ത് അബൂബക്കർ(റ)ന് ഖിലാഫത്ത് വെറുതെ കിട്ടിയതാണെന്ന് നിങ്ങളിലാരോ പറയുന്നതായി എനിക്കറിയാൻ സാധിച്ചു. എന്നെക്കുറിച്ചും 'അല്ലാഹുവാണ! ഉമർ മരിച്ചാൽ താൻ ഇന്ന വ്യക്തിക്കു ബയ്അത്തു ചെയ്യുന്നതാണ്' എന്ന് പറയുന്നതായും ഞാൻ കേട്ടു. അവിടന്ന് പറഞ്ഞു: 'അതുകൊണ്ട് വഞ്ചനയിൽപ്പെട്ട് ആരും അങ്ങനെ പറയരുത്. ഇതു സംബന്ധമായി വിശദീകരിക്കട്ടെ.' പിന്നീട് ഹദ്റത്ത് ഉമർ(റ) കാര്യം ഹദ്റത്ത് അബൂബക്കറിലേക്ക് കൊണ്ടുപോയി. അദ്ദേഹം പറഞ്ഞു: 'ആരും ആ ചതിയിൽ വഞ്ചിതരായി അബൂബക്കർ(റ)ന് ചെയ്ത ബയ്അത്ത് കോലാഹലങ്ങൾക്കിടയിൽ നടന്നതാണെന്നും അദ്ദേഹം അങ്ങനെയങ്ങ് ഖലീഫയായതാണെന്നും പറയരുത്. കേട്ടുകൊള്ളുക! ആ ബയ്അത്ത് അങ്ങനെതന്നെയാണ് നടന്നതെന്നത് ശരിതന്നെയാണ്. പക്ഷേ, ആ കോലാഹലത്തിനിടയിൽ നടന്ന ബയ്അത്തിനെ ദൂഷ്യഫലത്തിൽനിന്ന് അല്ലാഹു കാത്തുസൂക്ഷിച്ചു. ഒട്ടകങ്ങളിൽ യാത്രചെയ്ത് ആരുടെ അടുക്കലാണോ ആളുകൾ വരുന്നത് അങ്ങനെയൊരാൾ അബൂബക്കറിനു തുല്യനായി ആരും നിങ്ങളിലില്ല. അതായത് അത്തരം കർമാനുഷ്ഠിയായ പണ്ഡിതനും ആത്മാർഥനും ദൈവഭക്തിയുടെ നിലവാരത്തിലെത്തിയ ആളും മറ്റാരുമില്ല. പിന്നീട് മുന്നോട്ടു മറ്റു കാര്യങ്ങളുടെ കുറച്ചു വിശദീകരണം ഉണ്ടായി. തുടർന്ന് അവിടന്ന് പറഞ്ഞു: 'മുസ്ലിമീങ്ങളുടെ കൂടിയാലോചനകൂടാതെ ആരെങ്കലും ആർക്കെങ്കിലും ബയ്അത്തു ചെയ്തിട്ടുണ്ടെങ്കിൽ അയാൾക്ക് ബയ്അത്ത് ചെയ്യരുത്. അതായത് ബയ്അത്ത് നടന്നത് വലിയ കൂടിയാലോചനയോടെ തന്നെയാണ്. ഇതും ഓർമിക്കുക, മുസ്ലിമീങ്ങളുടെ കൂടിയാലോചന കൂടാതെ ആർക്കെങ്കിലും ആരെങ്കിലും ബയ്അത്ത് ചെയ്തിട്ടുണ്ടെങ്കിൽ അയാൾക്ക് ബയ്അത്ത് ചെയ്യരുത്. എന്നല്ല അങ്ങനെ ബയ്അത്ത് ചെയ്ത ആൾക്കും ബയ്അത്തു ചെയ്യരുത്; തന്നെ സ്വയം കൊല്ലിക്കുന്നവനാകാതിരിക്കുക.

പിന്നീട് ഹദ്റത്ത് ഉമർ(റ) വിവരിച്ചു: 'യഥാർഥത്തിൽ ഞങ്ങളുടെ സംഭവം നടന്നത് ഇപ്രകാരമാണ്. നബി(സ)തിരുമേനിയെ അല്ലാഹു മരിപ്പിച്ചപ്പോൾ അൻസ്വാർ ഞങ്ങൾക്കെതിരായി. അവരെല്ലാവരും 'സഖീഫ ബനൂ സായിദ'യിൽ സംഘടിച്ചു. അലിയും സുബയ്റും അവരിരുവരോടൊപ്പമുണ്ടായിരുന്നവരും ഞങ്ങളുടെ എതിരാളികളായി. മുഹാജിറുകൾ സംഘടിച്ച് അബൂബക്കറിന്റെ അടുത്തു വന്നു. ഞാൻ അബൂബക്കറിനോടു പറഞ്ഞു: 'അബൂബക്കറേ! വന്നാലും നമുക്ക് നമ്മുടെ അൻസ്വാർ സഹോദരങ്ങളുടെ അടുക്കൽ പോകാം.' ഞങ്ങൾ അവരുടെ സംഭവങ്ങൾ പറഞ്ഞുകൊണ്ട് നടന്നു. അവരെന്താണെന്ന് പറയുന്നതെന്ന കാര്യം ഞങ്ങൾ സംസാരിച്ചുകൊണ്ടു നടന്നു. അങ്ങനെ ഞങ്ങൾ അവരുടെ അടുത്തെത്തിയപ്പോൾ മാന്യന്മാരായ രണ്ടുപേരെ ഞങ്ങൾ കണ്ടു.' ഞാൻ ആദ്യം പറഞ്ഞ നിവേദനമനുസരിച്ച് ആ രണ്ടു നല്ല പേരിൽ ഒരാൾ ഹദ്റത്ത് മഅൻ ബിൻ അദിയ്യ് ആയിരുന്നു. അവിടന്ന് പറയുന്നു: 'ഏതൊരു അഭിപ്രായത്തോടാണോ അൻസ്വാർ യോജിച്ചിരുന്നത് അക്കാര്യം വഴിയിൽ കണ്ട രണ്ടുപേരും ഞങ്ങളോടു പറഞ്ഞു. 'അവർ പറഞ്ഞു: അല്ലയോ മുഹാജിറുകളുടെ സംഘമേ! നിങ്ങൾക്ക് എവിടേക്കാണു പോകേണ്ടത്?' 'അൻസ്വാർ സഹോദരങ്ങളെ കാണാൻ ആഗ്രഹിക്കുന്നുവെന്ന് ഞങ്ങൾ അറിയിച്ചു. അപ്പോൾ വഴിയിൽവച്ചു കണ്ട അവരിരുവരും– അവരിൽ ഹദ്റത്ത് മഅൻ ബിൻ അദിയ്യുമുണ്ടായിരുന്നു– പറഞ്ഞു: 'അവിടേക്ക് ഒരിക്കലും പോകരുത്. എന്ത് തീരുമാനമെടുക്കുകയാണെങ്കിലും നിങ്ങൾ സ്വയമെടുക്കുക.' ഹദ്റത്ത് ഉമർ പറയുന്നു: 'ഞാൻ പറഞ്ഞു, അല്ലാഹുവാണ! ഞങ്ങൾ തീർച്ചയായും അവരുടെയടുക്കൽ പോകുന്നതായിരിക്കും. ഇതും പറഞ്ഞ് ഞങ്ങൾ നടക്കാൻ തുടങ്ങി. ഞങ്ങൾ ബനൂ സായിദയുടെ വലിയ കൂടാരത്തിൽ അവരുടെ അടുത്തെത്തി.' (സ്വഹീഹുൽ ബുഖാരി കിതാബുൽ ഹുദൂദ് ഹദീഥ് 6830)


## ഹദീഥുന്നബ്‌വി (സ):

***ആഇശ(റ)പറയുന്നു:'നബി(സ)തിരുമേനിക്ക് തുടക്കത്തിൽ ലഭിച്ച ദൈവികസന്ദേശങ്ങളുടെ ആരംഭം ഉറക്കത്തിൽ ദൃശ്യമാകുന്ന നല്ല സ്വപ്നങ്ങളായിരുന്നു. അവിടന്ന് കാണുന്ന എല്ലാ സ്വപ്നങ്ങളും പ്രഭാതോദയംപോലെ സ്പഷ്ടമായി പുലർന്നുകൊണ്ടണ്ടിരുന്നു.'***
***(ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 3)***

**ത്വാലിബെ ദുആ**
**P.P.Raheem & Family**
**Ahmadiyya Jama-ath Payangadi, Kerala.**

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: 'പ്രവർത്തനങ്ങൾക്ക് പ്രതിഫലം നല്കുന്നത് ഉദ്ദേശ്യമനുസരിച്ച് മാത്രമാകുന്നു. ഓരോ മനുഷ്യനും അവനുദ്ദേശിച്ചതെന്തോ അതാണ് ലഭിക്കുക.'**
**(ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 1)**

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala.**

അവിടെ അൻസ്വാറും ഹദ്റത്ത് അബൂബക്കറും ഹദ്റത്ത് ഉമറും തമ്മിൽ ഖിലാഫത്തിന്റെ തിരഞ്ഞെടുപ്പിനെ കുറിച്ച് ബന്ധപ്പെട്ട് വലിയ സംവാദം നടന്നു. പിന്നീട് ഇതുസംബന്ധമായി സുദീർഘമായ വിശദീകരണമാണുള്ളത്. ഥഖീഫ ബനൂ സായിദയിൽ നടന്ന സംഭവത്തിന്റെ കുറച്ച് വിശദീകരണം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിച്ചിട്ടുണ്ട്. അത് ഞാൻ വിവരിക്കാം. റസൂലുല്ലാഹി(സ)തിരുമേനിയുടെ വഫാത്തിനു ശേഷം സ്വഹാബാക്കൾ മൂന്നു വിഭാഗങ്ങളായി പിരിഞ്ഞു. ഈ സംഭവത്തെക്കുറിച്ച് പറയുന്നു: 'നബി(സ) തിരുമേനി വഫാത്തായതോടെ സ്വഹാബത്തിന്റെ മൂന്ന് സംഘമുണ്ടായി. നബി(സ) തിരുമേനിക്കുശേഷം ഇസ്‌ലാമിക വ്യവസ്ഥിതി സ്ഥാപിക്കുന്ന ഒരാൾ തീർച്ചയായും ഉണ്ടാകണമെന്ന് ഒരു സംഘം വിചാരിച്ചു. എന്നാൽ, നബിയുടെ താൽപര്യം അദ്ദേഹത്തിന്റെ കുടുംബക്കാർക്കു മാത്രമേ നല്ലവണ്ണം മനസ്സിലാകുകയുള്ളു; അതുകൊണ്ട് ആ വ്യക്തി നബി(സ) തിരുമേനിയുടെ കുടുംബത്തിൽപെട്ട ആരെങ്കിലും ആയിരിക്കേണ്ടതാണ്. നബി(സ) തിരുമേനിയുടെ സന്തതികളിൽപെട്ട ആരെങ്കിലുമായിരിക്കണം ആ വ്യക്തിയെന്ന് ഒരു സംഘം പറഞ്ഞു; മറ്റു കുടുംബത്തിൽപെട്ട ആരും ആകാൻ പാടില്ല. വേറെ ഏതെങ്കിലും കുടുംബത്തിൽപെട്ട ആൾ വരികയാണെങ്കിൽ ആളുകൾ അയാൾ പറയുന്നത് അനുസരിക്കുകയില്ലെന്നതായിരുന്നു അവരുടെ വാദം. ഇങ്ങനെ വരുമ്പോൾ വ്യവസ്ഥിതിയിൽ വിള്ളലുണ്ടാകും. കുടുംബം കൊണ്ടുദ്ദേശിക്കുന്നത് മക്കളാണ്. അല്ലെങ്കിൽ അദ്ദേഹത്തിന്റെ അടുത്ത ജാമാതാവ് തുടങ്ങിയവരാകാം. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)എഴുതുന്നു: പക്ഷേ, നബി(സ)തിരുമേനിയുടെ കുടുംബത്തിൽ നിന്നുതന്നെ ആരെങ്കിലും ഖലീഫയായി നിശ്ചയിക്കപ്പെട്ടാൽ, ജനങ്ങൾക്ക് ആ കുടുംബത്തെ അനുസരിക്കുന്ന ശീലമുള്ളതാണ്. അതുകൊണ്ട് അവർ സന്തോഷത്തോടെ അനുസരണം സ്വീകരിക്കുന്നതായിരിക്കും; ഒരു രാജാവ് പറയുന്ന കാര്യങ്ങൾ അംഗീകരിക്കുന്ന ആളുകൾക്ക് അതിനെ അനുസരിക്കുന്ന ശീലമുണ്ടായിക്കഴിഞ്ഞിട്ടുള്ളതുപോലെ. അയാൾ മരിക്കുമ്പോൾ അയാളുടെ മകൻ പ്രതിനിധിയായി വരുന്നു; അങ്ങനെ അയാളേയും ആളുകൾ താൽപര്യത്തോടുകൂടി അനുസരിക്കാൻ തുടങ്ങുന്നു.

എന്നാൽ, രണ്ടാമത്തെ കക്ഷി ചിന്തിച്ചത് അതിന് നബി(സ)തിരുമേനിയുടെ കുടുംബത്തിൽനിന്നാകണമെന്ന നിബന്ധന നിർബന്ധമില്ലെന്നാണ്. നബി(സ)തിരുമേനിയ്ക്ക് ഒരു പ്രതിനിധി ഉണ്ടാകണം അത്രമാത്രം. ഏറ്റവും കൂടുതൽ അർഹനായ ആളിന് ഈ ജോലി ഉണ്ടായിരിക്കേണ്ടതാണ്. ഈ രണ്ടാമത്തെ കക്ഷി പിന്നീട് രണ്ടു ഭാഗമായിത്തീർന്നു. എങ്കിലും നബി(സ) തിരുമേനിയുടെ ഏതെങ്കിലും പ്രതിനിധി ഉണ്ടാകേണ്ടതാണെന്ന കാര്യത്തിൽ ഇരുകൂട്ടരും യോജിച്ചു. എന്നാൽ, നബി(സ)തിരുമേനിയുടെ പ്രതിനിധി ആരിൽനിന്നാണ് ഉണ്ടാകേണ്ടത് എന്ന കാര്യത്തിൽ അഭിപ്രായവ്യത്യാസമുണ്ടായി. ഏറ്റവും കൂടുതൽ കാലം നബി(സ)തിരുമേനിയുടെ കീഴിൽ വിദ്യ അഭ്യസിച്ചുകൊണ്ടിരുന്ന ആളാണ് അതിന് അർഹനെന്ന് ഒരു സംഘം വിചാരിച്ചു. അതായത് മുഹാജിർ. അവരിൽനിന്ന് ഖുറയ്ശ്. അദ്ദേഹത്തിന്റെ കാര്യം കേൾക്കാൻ അറബികൾ തയ്യാറായേക്കാം. ചിലർ കരുതി നബി(സ) തിരുമേനി മദീനയിൽ വഫാത്തായതുകൊണ്ട്, മദീനയിൽ അൻസ്വാറിന്റെ പ്രതാപമാണുള്ളത്. അതുകൊണ്ട് അവർക്കുമാത്രമേ ഈ ജോലി നല്ലനിലയിൽ നടത്താൻ കഴിയൂവെന്ന്. ഇതിൽ അൻസ്വാറും മുഹാജിറും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടായി. നബി(സ)തിരുമേനിയുടെ യഥാർഥ ജീവിതം–വ്യവസ്ഥിതികളുമായി ബന്ധം വെക്കുന്ന–തങ്ങളുടെ ഇടയിലാണ് കഴിച്ചുകൂട്ടിയതെന്നാണ് അൻസ്വാർ കരുതിയത്; മദീനയിലാണ് ജീവിച്ചതെന്ന് അൻസ്വാർ പറഞ്ഞിരുന്നു. മക്കയിൽ ഒരു വ്യവസ്ഥിതിയുമുണ്ടായിരുന്നില്ല. അതുകൊണ്ട് ഭരണവ്യവസ്ഥിതി തങ്ങൾക്കു മാത്രമേ നല്ലനിലയിൽ മനസ്സിലാക്കാൻ കഴിയുകയുള്ളു. ഖിലാഫത്ത് തങ്ങളുടെ അവകാശമാണ്. മറ്റാർക്കും അതിൽ അവകാശമില്ല. രണ്ടാമത്തെ തെളിവ് അവർ നല്കിയിരുന്നത്, ഈ പ്രദേശം തങ്ങളുടേതാണ്. സ്വാഭാവികമായും തങ്ങൾ പറയുന്നതേ ആളുകളുടെമേൽ സ്വാധീനം ചെലുത്തുകയുള്ളു. മുഹാജിരീംകളുടെ സ്വാധീനം ആളുകളിൽ ഉണ്ടാകുകയില്ല. അതുകൊണ്ട് മുഹാജിരീംകളിൽനിന്നല്ല തങ്ങളിൽനിന്നാണ് നബി(സ)തിരുമേനിയുടെ പ്രതിനിധി ഉണ്ടാകേണ്ടത്.

ഇതിനെതിരിൽ മുഹാജിരീൻ പറഞ്ഞത് നബി(സ)തിരുമേനിയുടെ സഹവാസം എത്ര ദീർഘകാലം തങ്ങൾക്കു ലഭിച്ചുവോ അത്രയും അൻസ്വാറിന് ലഭിച്ചിട്ടില്ല. അത്രയുംകാലം അവർ നബി(സ)തിരുമേനിയോടൊപ്പം ജീവിച്ചിട്ടില്ല. അതുകൊണ്ട് ദീൻ മനസ്സിലാക്കാനുള്ള കഴിവ് തങ്ങളിൽ ഉള്ളത്ര അൻസ്വാറിൽ ഇല്ല. അവിടന്ന്(റ) എഴുതുന്നു: 'ഈ അഭിപ്രായഭിന്നതകളെ കുറിച്ച് മറ്റുള്ളവർ ചിന്തിക്കുകയായിരുന്നു, അവർ ഒരു തീരുമാനത്തിലെത്തിയില്ല. അൻസ്വാറിനെ അനുകൂലിച്ചിരുന്ന ആ അവസാന സംഘം ബനീസായിദായുടെ ഒരു വരാന്തയിൽ സംഘടിച്ച് ഇതുസംബന്ധമായി ചർച്ച ചെയ്യാൻ തുടങ്ങി. ഖസ്റജിന്റെ നേതാവായ സഅ്ദ് ബിൻ ഉബാദ(റ)– അദ്ദേഹം നഖീബുമാരിൽപെട്ട ആളുമായിരുന്നു–യെ ഖലീഫയാക്കാനുള്ള ചായ്‌വിലേക്കുവന്നു. അങ്ങനെ അൻസ്വാർ പരസ്പരം സംസാരിച്ചുകൊണ്ടു പറഞ്ഞു: 'രാജ്യം ഞങ്ങളുടേതാണ്; സ്ഥലങ്ങളും ഞങ്ങളുടേതാണ്. ഭൂസ്വത്തുക്കളും ഞങ്ങളുടേതാണ്. ഞങ്ങളിൽനിന്ന് ആരെയെങ്കിലും ഖലീഫയാക്കുന്നതാണ് ഇസ്‌ലാമിനു നേട്ടം. ഈ സ്ഥാനത്തേക്ക് സഅ്ദ് ബിൻ ഉബാദെയേക്കാൾ ഉത്തമനായി മറ്റാരുമില്ലെന്ന് അവർ തീരുമാനിച്ചു.' ഈ സംസാരം നടന്നുകൊണ്ടിരിക്കെ ചിലർ പറഞ്ഞു, മുഹാജിരീൻ ഇതു നിഷേധിക്കുകയാണെങ്കിൽ എന്താകും? ചോദ്യമുണ്ടായി. അപ്പോൾ ആരോ പറഞ്ഞു. അപ്പോൾ നമ്മൾ പറയും, മിന്നാ അമീറുൻ വ മിൻകും അമീറുൻ. അതായത് ഒരു അമീർ ഞങ്ങളിൽനിന്നും ഒരു അമീർ നിങ്ങളിൽനിന്നും ആയിക്കോട്ടെ. വലിയ ബുദ്ധിമാനായിരുന്നു സഅ്ദ്(റ). അദ്ദേഹം പറഞ്ഞു: 'ഇത് ആദ്യത്തെ ദൗർബല്യമാണ്. ആരെയാണോ അൻസ്വാർ ഖലീഫയാക്കാൻ ആഗ്രഹിച്ചത് അദ്ദേഹം പറഞ്ഞു. ഇത് ആദ്യത്തെ ദൗർബല്യമാണ്. അതായത് ഒന്നുകിൽ നമ്മളിൽ നിന്ന് ഖലീഫയുണ്ടാകണം അല്ലെങ്കിൽ അവരിൽനിന്ന്. മിന്നാ അമീറുൻ വ മിൻകും അമീറുൻ എന്ന് പറയുന്നത് ഖിലാഫത്തിന്റെ പൊരുൾ മനസ്സിലാക്കാത്തവരാണ്. അതുമുഖേന ഇസ്‌ലാമിൽ വിള്ളലുണ്ടാകും. ഇത് വിള്ളലുണ്ടാക്കലാണ്. ഈ കൂടിയാലോചനയ്ക്കുശേഷം മുഹാജിറിന് ഇതിനെക്കുറിച്ചറിഞ്ഞപ്പോൾ അവർ വേഗം അവിടെയെത്തി; ഹദ്റത്ത് ഉമർ(റ) വിവരിച്ചതുപോലെ. അത് മുമ്പേ പറഞ്ഞുകഴിഞ്ഞതാണ്. അതായത് ഉമർ(റ), ഹദ്റത്ത് അബൂബക്കറിന്റേയും മറ്റു ചിലരുടേയും കൂടെ അവിടെ പോയി. കാരണം മുഹാജിരീംകളിൽനിന്ന് ആരെങ്കിലും ഖലീഫയായില്ലെങ്കിൽ അറബികൾ അയാളെ അനുസരിക്കുകയില്ലെന്ന് അവർ മനസ്സിലാക്കിയിരുന്നു. മദീനയുടെ മാത്രം കാര്യമല്ല. മറിച്ച് മുഴുവൻ അറേബ്യയുടേയും കാര്യമാണ്. മദീനയിൽ അൻസ്വാറിന്റെ പ്രതാപമുണ്ടായിരുന്നുവെന്നതിൽ സംശയമില്ല. എന്നാൽ, മുഴുവൻ അറേബ്യയും മക്കക്കാരുടെ മഹത്ത്വവും അവരുടെ മാന്യതയും അംഗീകരിച്ചിരുന്നു. ഈ നേരത്ത് അൻസ്വാറിൽനിന്ന് ആരെങ്കിലും ഖലീഫയായി നിശ്ചയിക്കപ്പെട്ടാൽ അറബികൾക്ക് അതൊരു കഠിനമായ പ്രയാസമുണ്ടാക്കുമെന്ന് മുഹാജിരീംകൾ മനസ്സിലാക്കി. അവരിൽ ഭൂരിഭാഗവും ഈ പരീക്ഷണത്തിൽ വിജയിക്കുക എന്നതും സംഭാവ്യമല്ല. അങ്ങനെ എല്ലാ മുഹാജിരീംകളും അവിടെ എത്തി. ഹദ്റത്ത് ഉമർ(റ) പറയുന്നു: ഞാൻ ആ അവസരത്തിൽ സംസാരിക്കുന്നതിനുവേണ്ടി ഒരു വലിയ വിഷയം ചിന്തിച്ചുവച്ചിരുന്നു. ഞാൻ ചെന്നുടനെ എല്ലാ അൻസ്വാറും യോജിക്കുംവിധം ഒരു പ്രസംഗം നടത്തണമെന്നും തീരുമാനിച്ചിരുന്നു. മുഹാജിരീംകളിൽനിന്നുള്ള ആളെ മാത്രം ഖലീഫയായി തിരഞ്ഞെടുത്താൽ അവർ നിർബന്ധിതരാകും.' എന്നാൽ ഞാൻ അവിടെയെത്തിയപ്പോൾ ഹദ്റത്ത് അബൂബക്കർ(റ) പ്രസംഗത്തിന് എഴുന്നേറ്റുനിന്നു. അദ്ദേഹം എന്ത് വിവരിക്കാനാണെന്ന് ഞാനെന്റെ മനസ്സിൽ പറഞ്ഞു. എന്നാൽ, അല്ലാഹുവാണ! ഏതെല്ലാം കാര്യങ്ങൾ ഞാൻ ചിന്തിച്ചിരുന്നുവോ അതെല്ലാം ഹദ്റത്ത് അബൂബക്കർ വിവരിച്ചു. എന്നല്ല അതിനു പുറമെ അദ്ദേഹം തന്റെ കൈയിൽനിന്ന് ഒരുപാട് തെളിവുകളും നല്കി. അപ്പോൾ തനിക്ക് അബൂബക്കറിനെ നേരിടാൻ കഴിയില്ലെന്ന് ഞാൻ മനസ്സിലാക്കി. ചുരുക്കത്തിൽ മുഹാജിരീൻ അവരോടു പറഞ്ഞു: ഈ നേരത്ത് ഖുറയ്ശികളിൽനിന്നു തന്നെ അമീർ ഉണ്ടാകേണ്ടത് നിർബന്ധമാണ്. നബി(സ)തിരുമേനിയുടെ ഈ ഹദീഥും സമർപ്പിച്ചു. അൽ അയ്മത്തു മിൻ ഖുറയ്ശിൻ. ഖുറയ്ശികളിൽനിന്ന് നിങ്ങളുടെ ഇമാം ഉണ്ടാകണം. അവരുടെ ദീനിന്റെ മുൻഗണനയും ദീനിനുവേണ്ടി അവർ ചെയ്തുവന്ന അവരുടെ ത്യാഗവും വിവരിച്ചു. അതിനെ ഖബ്ബാബ് ബിൻ മുൻദിർ ഖസ്റജി എതിർത്തു. അദ്ദേഹം പറഞ്ഞു: മുഹാജിരീംകളിൽനിന്ന് ഖലീഫ ഉണ്ടാകണമെന്നത് ഞങ്ങൾക്ക് അംഗീകരിക്കാൻ പറ്റില്ല, ഇനി നിങ്ങൾ ഒരുവിധത്തിലും സമ്മതിക്കുന്നില്ലെങ്കിൽ ഒരു അമീർ നിങ്ങളിൽനിന്നും ഒരു അമീർ ഞങ്ങളിൽനിന്നും ആയിക്കൊള്ളട്ടെ. ഇതനുസരിച്ച് പ്രവർത്തിക്കുക; ഒരു ഖലീഫ നിങ്ങളിൽനിന്നും ഒരു ഖലീഫ ഞങ്ങളിൽനിന്നും! ഹദ്റത്ത് ഉമർ (റ) പറഞ്ഞു. ചിന്തിച്ചും ആലോചിച്ചും സംസാരിക്കുക. ഒരേ സമയത്ത് രണ്ട് അമീർ അനുവദനീയമല്ലെന്ന് നബി(സ) തിരുമേനി പറഞ്ഞിട്ടുള്ളത് നിങ്ങൾക്കറിയില്ലേ? ഹദ്റത്ത് മുസ്‌ലിഹ് മൗഊ

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**'അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിച്ചെടുക്കുന്നതിനും മലക്കുകളുടെ വലയത്തിനുള്ളിൽ വരുന്നതിനും, നമ്മളിൽ ഓരോരുത്തരും വിശുദ്ധഖുർആൻ പഠിക്കുകയും അത് മനസ്സിലാക്കുകയും നമ്മുടെ മക്കളെ പഠിപ്പിക്കുകയും നിത്യവും ഖുർആൻ പാരായണം ചെയ്യാൻ അവരെ ഉപദേശിക്കുകയും ചെയ്യേണ്ടത് നിർബന്ധമാണ്.'**
**(ഖുത്ബാത്തെ മസ്റൂർ, വാള്യം 3, പേജ് 565)**

ത്വാലിബെ ദുആ:
M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)

ദ്(റ) എഴുതുന്നു: നബി(സ)തിരുമേനി ഖിലാഫത്ത് വ്യവസ്ഥിതിയുടെ വ്യാഖ്യാനം നല്കിയിരുന്ന ഹദീഥുകൾ നിലവിലുണ്ടായിരുന്നുവെന്ന് ഇതിൽനിന്ന് മനസ്സിലാകുന്നു. എന്നാൽ, അവിടത്തെ ജീവിതകാലത്ത് സ്വഹാബത്തിന്റെ ചിന്ത അതിലേക്കൊന്നും പോയിരുന്നില്ല. അതിനു കാരണം ദൈവയുക്തി തന്നെയായിരുന്നു. ഇതിനെക്കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇതിനു മുമ്പേ പറഞ്ഞുകഴിഞ്ഞിരുന്നു. എന്തായാലും പറയുന്നു: ഹദ്റത്ത് ഉമർ(റ) പറഞ്ഞു, ഒരു അമീർ നിങ്ങളിൽനിന്നും ഒരു അമീർ ഞങ്ങളിൽനിന്നും എന്നുള്ള നിങ്ങളുടെ ആവശ്യം ശരീഅത്തുപ്രകാരം അനുവദനീയമല്ല.

പിന്നീട് എങ്ങനെയാണ് ഹദ്റത്ത് അബൂബക്കറിന്റെ തിരഞ്ഞെടുപ്പ് നടന്നത്? കുറച്ച് വാദപ്രതിവാദങ്ങൾക്കുശേഷം ഹദ്റത്ത് അബൂ ഉബയ്ദ എഴുന്നേറ്റുനിന്നു. അദ്ദേഹം അൻസ്വാറിന്റെ ശ്രദ്ധ ക്ഷണിച്ചു: 'മക്കയ്ക്കു പുറത്തു ആദ്യം വിശ്വസിച്ച ജനതയാണ് നിങ്ങൾ. ഇപ്പോൾ നബി(സ) തിരുമേനിയുടെ വഫാത്തിനു ശേഷം ദീനിന്റെ ഉദ്ദേശ്യം മാറ്റുന്ന ആദ്യത്തെ ജനതയായി നിങ്ങൾ മാറരുത്.' ഈ വാക്കുകളുടെ സ്വാധീനം എങ്ങനെ ഉണ്ടായി എന്നാൽ ബശീർ ബിൻ സഅ്ദ് ഖസ്റജി എഴുന്നേറ്റുനിന്നു. അദ്ദേഹം തന്റെ ജനതയോടു പറഞ്ഞു: 'ഇവർ സത്യമാണ് പറയുന്നത്. നമ്മൾ നബി (സ) തിരുമേനിയെ സേവിച്ചതും സഹായിച്ചതും പിന്തുണച്ചതും ഭൗതിക ഉദ്ദേശ്യങ്ങളോടെയല്ല. അങ്ങയ്ക്കുശേഷം നമ്മുടെ ഭരണം കിട്ടണമെന്ന ഉദ്ദേശ്യത്തോടെയുമല്ല. മറിച്ച് നമ്മൾ അല്ലാഹുവിനുവേണ്ടിയാണ് അതെല്ലാം ചെയ്തത്. അതുകൊണ്ട് അവകാശത്തിന്റെ പ്രശ്നമല്ല. നമ്മുടെ അവകാശമല്ല അമീർ ഉണ്ടാകുക. അല്ലെങ്കിൽ നമ്മളിൽനിന്ന് ഖലീഫ ഉണ്ടാകുക എന്നത്. മറിച്ച് പ്രശ്നം ഇസ്‌ലാമിന്റെ ആവശ്യകതയുടേതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ മുഹാജിരീനിൽനിന്നുതന്നെ അമീർ നിശ്ചയിക്കപ്പെടേണ്ടതാണ്. കാരണം അവരാണ് നബി(സ) തിരുമേനിയുടെ സഹവാസത്തിൽ ദീർഘകാലം കഴിഞ്ഞത്.' കുറച്ചുനേരംവരെ അതിൽ ചർച്ച നടന്നുകൊണ്ടിരുന്നു. അവസാനം അരമുക്കാൽ മണിക്കൂറിനുശേഷം ആളുകളുടെ അഭിപ്രായം, മുഹാജിരീംകളിൽനിന്ന് ആരെയെങ്കിലും ഖലീഫയായി നിശ്ചയിക്കപ്പെടണം എന്നതിലേക്കു തിരിയാൻ തുടങ്ങി. അങ്ങനെ ഹദ്റത്ത് അബൂബക്കർ(റ), ഹദ്റത്ത് ഉമറിനേയും ഹദ്റത്ത് അബൂഉബയ്ദയേയും ഈ സ്ഥാനത്തേക്ക് പറഞ്ഞു. അബൂബക്കർ വീണ്ടും ഹദ്റത്ത് ഉമറിനേയും ഹദ്റത്ത് അബൂഉബയ്ദയേയും പറഞ്ഞു. അവരിൽ ഒരാൾക്ക് ബയ്അത്ത് ചെയ്യേണ്ടതാണ്. എന്നാൽ, അവരിരുവരും നിഷേധിച്ചു. പറഞ്ഞു: 'നബി(സ) തിരുമേനി ആരെയാണോ തന്റെ രോഗത്തിന്റെ നാളുകളിൽ ഇമാമാക്കിയത്, ആരാണോ മുഹാജിരീംകളിൽ ഉത്തമനായിട്ടുള്ളത് ഞങ്ങൾ അദ്ദേഹത്തിന് ബയ്അത്ത് ചെയ്യുന്നതായിരിക്കും.'

ഹദ്റത്ത് അബൂബക്കർ(റ), ഹദ്റത്ത് ഉമറിന്റേയും ഹദ്റത്ത് അബൂ ഉബയ്ദയുടേയും പേരുകൾ പറഞ്ഞപ്പോൾ ഹദ്റത്ത് ഉമർ പറഞ്ഞ വിവരണം അതിന്റെ മുമ്പേയുള്ളതിന്റെ പരമ്പരയായാണ് നടന്നുവരുന്നത്. ഹദ്റത്ത് ഉമർ(റ) പറയുന്നു: 'അദ്ദേഹം പറഞ്ഞതിനു പുറമെ- ഹദ്റത്ത് അബൂബക്കർ വലിയ പ്രസംഗം ചെയ്തുവല്ലോ ഹദ്റത്ത് ഉമർ(റ) പറയുന്നു. എല്ലാ കാര്യങ്ങളും വലിയ ഉന്നതമായിരുന്നു. പക്ഷേ, അദ്ദേഹം പറഞ്ഞതിൽ എന്റെ പേരും അബൂ ഉബയ്ദയുടെ പേരും പറഞ്ഞതിനോടു ഞാൻ യോജിച്ചില്ല. മറ്റെല്ലാത്തിനോടും ഞാൻ യോജിച്ചു.' അദ്ദേഹം പറയുന്നു: 'അല്ലാഹുവാണ! അബൂബക്കർ എന്റെ പേരു പറഞ്ഞപ്പോൾ എന്റെ അവസ്ഥ എന്തായിരുന്നുവെന്നാൽ എന്നെ മുന്നോട്ടുകൊണ്ടുവന്ന് എന്റെ കഴുത്തു വെട്ടിയിരുന്നെങ്കിൽ, ഈ മരണം എന്നെ എന്തെങ്കിലും പാപത്തിന്റെ അടുത്തെത്തിച്ച് എറിഞ്ഞിരുന്നെങ്കിൽ എനിക്ക് അക്കാര്യം കൂടുതൽ ഇഷ്ടപ്പെടുമായിരുന്നു. അബൂബക്കർ ജീവിച്ചിരിക്കെ ഒരു ജനതയുടെ അമീർ ഞാനാകുകയോ! ഞാനത് ഇഷ്ടപ്പെട്ടില്ല, മറ്റു പ്രസംഗം വളരെ നല്ലതായിരുന്നു.'

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'മുഹാജിരീംകളിൽ ഏറ്റവും ഉത്തമനായ ആൾക്ക് തങ്ങൾ ബയ്അത്ത് ചെയ്യുമെന്ന് ഹദ്റത്ത് ഉമർ (റ) പറഞ്ഞപ്പോൾ അതിന്റെ അർഥം ഖിലാഫത്ത് സ്ഥാനത്തേക്ക് വരാൻ ഹദ്റത്ത് അബൂബക്കറിനേക്കാൾ അർഹൻ ആരുമില്ലെന്നായിരുന്നു. അങ്ങനെയാണ് ഹദ്റത്ത് അബൂബക്കറിന് ബയ്അത്ത് ചെയ്യാൻ തുടങ്ങിയത്. ആദ്യം ഹദ്റത്ത് ഉമർ(റ) ബയ്അത്ത് ചെയ്തു. പിന്നീട് ഹദ്റത്ത് അബൂ ഉബയ്ദ ബയ്അത്ത് ചെയ്തു. പിന്നീട് ഹദ്റത്ത് ബശീർ ബിൻ സഅ്ദ് ഖസ്റജി ബയ്അത്ത് ചെയ്തു. പിന്നീട് ഖസ്റജിലേയും ഔസിലേയും മറ്റാളുകൾ ബയ്അത്ത് ചെയ്തു. എത്രമാത്രം ആവേശമാണ് അപ്പോൾ ഉണ്ടായിരുന്നതെന്നാൽ രോഗിയായിരുന്ന സഅ്ദും- അദ്ദേഹത്തിന് എഴുന്നേല്ക്കാൻ കഴിയുമായിരുന്നില്ല. അദ്ദേഹത്തിന്റെ ജനത അദ്ദേഹത്തെ കവച്ചുവച്ച് മുന്നോട്ടുവന്ന് ബയ്അത്ത് ചെയ്തിരുന്നു. അങ്ങനെ കുറച്ചുസമയം കൊണ്ടുതന്നെ സഅ്ദിനും ഹദ്റത്ത് അലിയ്ക്കും പുറമെ എല്ലാവരും ബയ്അത്ത് ചെയ്തു. സഅ്ദിന്റെ ആൺമക്കളും ബയ്അത്ത് ചെയ്തു. ഹദ്റത്ത് അലി കുറച്ചു ദിവസം കഴിഞ്ഞാണ് ബയ്അത്ത് ചെയ്തത്. ചില നിവേദനങ്ങളിൽ മൂന്ന് ദിവസം എന്നു വരുന്നുണ്ട്. ചില നിവേദനങ്ങളിൽ പറയുന്നത് അദ്ദേഹം ആറുമാസത്തിനുശേഷം ബയ്അത്ത് ചെയ്തുവെന്നാണ്. 6 മാസം എന്നു പറഞ്ഞിട്ടുള്ള നിവേദനങ്ങളിൽ ഇങ്ങനേയും പറഞ്ഞിട്ടുണ്ട്. ഹദ്റത്ത് ഫാത്വിമയെ ശുശ്രൂഷിക്കേണ്ട തിരക്ക് കാരണത്താൽ അദ്ദേഹത്തിന് ഉടനെ ബയ്അത്ത് ചെയ്യാൻ കഴിഞ്ഞില്ല. ബയ്അത്ത് ചെയ്യുന്നതിന് അദ്ദേഹം വന്നപ്പോൾ അദ്ദേഹം ഖേദവും പ്രകടിപ്പിച്ചു. ഫാത്വിമായ്ക്ക് സുഖമില്ലായിരുന്നു, അതുകൊണ്ട് ബയ്അത്ത് ചെയ്യാൻ താമസിച്ചു.' (ഖിലാഫത്തെ റാശിദ, പേജ് 39-40, അൻവാറുൽ ഉലൂം, വാള്യം 15)

അങ്ങനെ എല്ലാവരും ആ നേരത്ത് ബയ്അത്ത് ചെയ്തു.

ഹദ്റത്ത് ഉർവ ബിൻ സുബയ്ർ വിവരിക്കുന്നു: 'അല്ലാഹു നബി(സ)തിരുമേനിയെ മരിപ്പിച്ചപ്പോൾ ആളുകൾ കരഞ്ഞു. അദ്ദേഹം പറഞ്ഞു: അല്ലാഹുവാണ! നബി(സ) തിരുമേനിയേക്കാൾ മുമ്പേ മരിച്ചിരുന്നെങ്കിൽ എന്ന് ഞങ്ങൾക്ക് ആശയുണ്ടായിരുന്നു.' ഹദ്റത്ത് മഅൻ(റ) സ്വഹാബി-അദ്ദേഹത്തെക്കുറിച്ചാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്- പറഞ്ഞു: അല്ലാഹുവാണ! ഞാൻ അത് ഇഷ്ടപ്പെട്ടിരുന്നില്ല. തങ്ങൾ ആദ്യമേ മരിച്ചിരുന്നെങ്കിൽ എന്ന് ആളുകൾ പറയുന്നുണ്ടായിരുന്നു. പക്ഷേ, ഹദ്റത്ത് മഅൻ പറഞ്ഞു. ഇല്ല. ഞാനത് ഇഷ്ടപ്പെട്ടിരുന്നില്ല; നബി(സ)തിരുമേനിയേക്കാൾ മുമ്പേ മരിക്കണമെന്ന്. എന്തുകൊണ്ട്? കാരണം നബി(സ) തിരുമേനി ജീവിച്ചിരിക്കുമ്പോൾ ഞാൻ സാക്ഷ്യപ്പെടുത്തിയിരുന്നതുപോലെ അദ്ദേഹത്തിന്റെ മരണശേഷവും സാക്ഷ്യപ്പെടുത്താൻ ഞാനാഗ്രഹിച്ചിരുന്നു. (അത്ത്വബഖാത്തുൽ കുബ്റാ ലിഇബ്നി സഅദ് വാള്യം 3, പേജ് 244-245 മഅൻ ബിൻ അദിയ്യ്, പ്രസാധകർ ദാറുഅഹ്യാ ഉത്തുറാഫ് അൽ അറബി ബേറൂത്തി 1996)

എപ്രകാരം ഞാൻ അദ്ദേഹത്തെ നബിയായി വിശ്വസിച്ചിരുന്നുവോ അപ്രകാരം മരണത്തിനു ശേഷവും ഖിലാഫത്തെറാശിദായെ കുറിച്ച് നബി(സ)തിരുമേനി ചെയ്ത പ്രവചനം പുലരുന്നതിന് സാക്ഷിയാവണം -അത് നടപ്പിൽ വന്നു കഴിഞ്ഞിരുന്നു, അത് തുടർന്നുപോകേണ്ടതുണ്ട്, മുനാഫിഖുകളുടേയും മതപരിത്യാഗികളുടേയും വലയിൽ പെടാൻ പാടില്ല-എന്ന നബിയുടെ പ്രവചനത്തിന്റെ പുലർച്ചയ്ക്കും സാക്ഷിയാവണം.

ഈമാനിന്റെ ഈ നിലവാരമാണ് ഓരോ അഹ്മദിയും തങ്ങളുടെയുള്ളിൽ ഉണ്ടാക്കേണ്ടത്. ഒരു നിവേദനമനുസരിച്ച് ഹദ്റത്ത് മഅ്നും ഹദ്റത്ത് ഖാലിദ് ബിൻ വലീദിന്റെ കൂടെ നബി (സ) തിരുമേനിയുടെ വഫാത്തിനുശേഷം മതപരിത്യാഗികളേയും രാജ്യദ്രോഹികളേയും അടിച്ചൊതുക്കുന്നതിൽ പങ്കെടുത്തിരുന്നു. ഹദ്റത്ത് ഖാലിദ് ബിൻ വലീദ് 200 കുതിരസവാരികളോടൊപ്പം ഹദ്റത്ത് മഅ്നെ യമാമയിലേക്ക് സൈന്യാധിപനായി അയച്ചിരുന്നു. (അൽഇസ്വാബ ഫീ തമീസ്സിസ്സ്വഹാബ വാള്യം 6, പേജ് 151, മഅൻ ബിൻ അദിയ്യ്, ദാറുൽ കുതുബുൽ ഇൽമിയ്യാ ബേറൂത്ത് 2005)

നബി(സ) തിരുമേനി ഹദ്റത്ത് മഅനേയും ഹദ്റത്ത് സയ്ദ് ബിൻ ഖത്വാബിനേയും സഹോദരന്മാരാക്കിയിരുന്നു. ഈ രണ്ട് സ്വഹാബത്തും ഹദ്റത്ത് അബൂബക്കർ സിദ്ദീഖിന്റെ ഖിലാഫത്ത് കാലത്ത് യമാമ യുദ്ധത്തിൽ ഹിജറ 12-ൽ ശഹാദത്ത് വരിച്ചു. (അത്ത്വബഖാത്തുൽകുബ്റ ലിഇബ്നി സഅ്ദ് വാള്യം 3 പേജ് 244 മഅൻബിൻ അദിയ്യ് ദാറുൽ അഹ്‌യാഉത്തൂരാഥ് അൽ അറബി ബേറൂത്ത് 1996)

അല്ലാഹു എല്ലാ അഹ്മദികൾക്കും നുബുവ്വത്തിന്റെ സ്ഥാനം മനസ്സിലാക്കാൻ തൗഫീഖ് പ്രദാനം ചെയ്യട്ടെ. ഖിലാഫത്തിനോട് കൂറിന്റേയും ആത്മാർഥതയുടേയും ബന്ധമുണ്ടാക്കുന്നതിന് സൗഭാഗ്യം നല്കുമാറാകട്ടെ.




## അല്ലാഹുവിന്റെ കലാം

*"അല്ലയോ ജനങ്ങളേ! നിങ്ങളേയും നിങ്ങൾക്കു മുമ്പേയുള്ളവരേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ; നിങ്ങൾ രക്ഷപ്പെടുന്നതിനുവേണ്ടി.'(2:22)*

ത്വാലിബെ ദുആ
M.P.Haneef Ahmad
Ahmadiyya Jama-ath Koodali, Kerala.

## കലാമുൽ ഇമാം:-

'ഈ ലോകത്ത് ദൈവത്തെ കാണാൻ ഭാഗ്യം സിദ്ധിച്ചിട്ടില്ലാത്തവൻ അന്ത്യനാളിലും അന്ധകാരത്തിലായിരിക്കും. അല്ലാഹു പറയുന്നു: 'ഈ ലോകത്ത് കുരുടനായവൻ പരലോകത്തും കുരുടനായിരിക്കും.' (കിതാബുൽ ബരിയ്യ പേജ് 47)

ത്വാലിബെ ദുആ:
C. Shameem Ahmad
Ahmadiyya Jama-ath Calicut, Kerala.

# ജീവാർപ്പണം ചെയ്തവരുടെ അനുഭവസമ്പത്തുകൾ

**വിവർത്തകൻ: കെ.വി.ഹസൻകോയ, കോഴിക്കോട്**

**അത്ഭുതകരവും നിഗൂഢവുമായ സദ്യ**

ഹദ്റത്ത് മൗലാനാ ഗുലാം റസൂൽ സാഹിബ് രാജേകി(റ) നിവേദനം ചെയ്യുന്നു: "ഒരിക്കൽ എന്റെ പ്രിയ സഹോദരൻ മിർസാ ഗുലാം ഹയ്ദറും(റ) ഞാനും ചില ബന്ധുക്കളെ സന്ദർശിക്കാൻ ലാഹോറിൽ പോയി. കുറച്ചു ദിവസം താമസിച്ചശേഷം ഞങ്ങളുടെ ഗ്രാമത്തിലേക്ക് മടങ്ങാൻ തീരുമാനിച്ചു. എന്നാൽ, ബന്ധുക്കൾ ഞങ്ങളോടുള്ള ബന്ധം കാരണം ഒരുമാസം കൂടി താമസിക്കണമെന്നു നിർബന്ധിച്ചു. പക്ഷേ, ഞങ്ങൾക്ക് ഒരേ സ്ഥലത്ത് താമസിച്ച് മടുപ്പു തോന്നിയിരുന്നു. അതിനാൽ കൂടുതൽ താമസിക്കാൻ ഞങ്ങൾ ആഗ്രഹിച്ചില്ല. ഞങ്ങളുടെ ആതിഥേയരോട് ഞങ്ങളുടെ ലഗ്ഗേജും പണവും തരാൻ ആവശ്യപ്പെട്ടു. അവ അവരുടെ സംരക്ഷണത്തിൽ വെച്ചതായിരുന്നു. എന്നിരിക്കിലും ഞങ്ങളുടെ ആതിഥേയർ കരുതിയിരുന്നത് പണവും സാധനവും തിരിച്ചേൽപിച്ചില്ലെങ്കിൽ ഞങ്ങളവിടെ നിൽക്കാൻ നിർബന്ധിതരാവുമെന്നായിരുന്നു. അതിനാൽ ഞങ്ങളുടെ ആതിഥേയർ അവ തിരിച്ചുനല്കിയില്ല. എങ്ങനെയെങ്കിലും പ്രഭാതഭക്ഷണം കഴിച്ചശേഷം ഞങ്ങൾ ലാഹോറിലേക്ക് നടന്നുതുടങ്ങി. ഞങ്ങളുടെ കൈവശം ആകെ ഒമ്പത് പൈസയാണുണ്ടായിരുന്നത്. ഞങ്ങൾ റാവി നദിയുടെ തീരത്തെത്തിയപ്പോൾ രണ്ടു പൈസ ചിരാഗിക്ക് (ദർഗ്ഗ സൂക്ഷിപ്പ് കാരണം) സമ്മാനമായി നല്കി. നദി കടന്ന് അക്കരെയെത്തി. കുറച്ച് നടന്നശേഷം കാമോങ്കിൽനിന്ന് നാലു മൈൽ നടന്നപ്പോൾ സൂര്യാസ്തമയമായിരുന്നു. അതേസമയം മിയാൻ ഗുലാം ഹയ്ദറിന് നടത്തംമൂലം ക്ഷീണിച്ചതുകൊണ്ടും തണുപ്പേറ്റതിനാലും പനിക്കാൻ തുടങ്ങി. സിക്കുകാരുടെ ഗ്രാമമായ മൈൻസ് തൊട്ടടുത്ത ഗ്രാമമായിരുന്നു. രാത്രി ഗ്രാമത്തിൽ കഴിച്ചുകൂട്ടാൻ ഞങ്ങൾ തീരുമാനിച്ചു. എന്നിരിക്കിലും ഞങ്ങൾക്കത് സാധിക്കാത്തതിനാൽ നടത്തം തുടർന്നു. ഒടുവിൽ രാത്രി 10 മണിക്ക് ഞങ്ങൾ കാമോങ്കി ഗ്രാമത്തിൽ എത്തിച്ചേർന്നു. അവിടെ ആരുമില്ലാത്ത ഒരു മസ്ജിദിൽ രാത്രി കഴിച്ചുകൂട്ടാൻ തീരുമാനിച്ചു. മസ്ജിദ് ഒരൊറ്റ മുറിയായിരുന്നു. അവിടെ നിലത്ത് പുല്ല് വിരിച്ചിട്ടുണ്ടായിരുന്നു. മസ്ജിദിന്റെ മറ്റൊരു മൂലയിൽ ഒരു യാത്രക്കാരൻ കിടന്നുറങ്ങുന്നുണ്ടായിരുന്നു. ഞാൻ മിയാൻ സാഹിബിനെ മസ്ജിദിന്റെ മറ്റൊരു മൂലയിൽ കിടത്തി. വിരിപ്പ് അദ്ദേഹത്തിന്റെ മേലിട്ടു. പിന്നെ ഞാൻ കഴിക്കാൻ എന്തെങ്കിലും ഭക്ഷണം കിട്ടുമോ എന്നന്വേഷിച്ച് ബസാറിലേക്ക് പോയി. കടകളെല്ലാം അടച്ചുകഴിഞ്ഞിരുന്നു. റോഡിൽ ആരുമുണ്ടായിരുന്നുമില്ല. വളരെ പരിശ്രമിച്ചിട്ടും കഴിക്കാൻ ഒന്നും ലഭിക്കാത്തതിനാൽ ഞാൻ മസ്ജിദിലേക്ക് മടങ്ങി. മിയാൻ സാഹിബിന് നല്ല പനിയുള്ളതായി തോന്നി. ഞാൻ വളരെ വേവലാതിപ്പെട്ടു. അപരിചിതമായ ഈ സ്ഥലത്ത് മിയാൻ സാഹിബിന്റെ അവസ്ഥ കൂടുതൽ മോശമായാൽ എന്താണ് ചെയ്യുക എന്ന ആശങ്കയുമുണ്ടായി. ഈ ചിന്തകളാൽ എനിക്ക് കരച്ചിൽവന്നു. ഞാൻ സുജൂദ് ചെയ്തു കരഞ്ഞു കൊണ്ട് പ്രാർഥിച്ചു. സർവ്വശക്തനായ അല്ലാഹുവിന്റെ സഹായത്തിനായി യാചിച്ചു. അല്ലാഹുവിന്റെ രീതി വളരെ വിചിത്രമാണ്. ദുആയ്ക്കുശേഷം എന്റെ നാസിക വൃത്തിയാക്കാൻ ഞാൻ വാതിൽ തുറന്നു. അപരിചിതനായ ഒരു മനുഷ്യനെ ഞാൻ കണ്ടു. അദ്ദേഹത്തിന്റെ കൈയിൽ ഒരു ട്രേയിൽ നിറയെ അപ്പോൾ പാകം ചെയ്ത റൊട്ടിയും ഹൽവയുമുണ്ടായിരുന്നു. കൂടാതെ മറ്റൊരു പാത്രത്തിൽ ചൂടുള്ള മാംസക്കറിയുമുണ്ടായിരുന്നു. ഞാൻ അത്ഭുതപരതന്ത്രനായി. ഈ മനുഷ്യൻ ഭക്ഷണവുമായി പുലർച്ചെ 2 മണിക്ക് എങ്ങനെ വന്നുവെന്ന് ഞാൻ ആശ്ചര്യപ്പെട്ടു. "താങ്കൾക്ക് ആരെയാണ് കാണേണ്ടത്" ഞാൻ ആ മനുഷ്യനോട് ചോദിച്ചു. എന്നെയാണ് കാണേണ്ടതെന്ന് അയാൾ മറുപടി പറഞ്ഞു. ഭക്ഷണം നിറച്ച പാത്രങ്ങളെല്ലാം എന്നോടു എടുത്തുകൊള്ളാൻ പറഞ്ഞു. ഞാൻ ആ മനുഷ്യനോട് ചോദിച്ചു. "ഭക്ഷണം കഴിച്ചതിനുശേഷം പാത്രങ്ങൾ എവിടെയാണ് വെക്കേണ്ടത്?" പാത്രങ്ങൾ മസ്ജിദിൽ എവിടെയെങ്കിലും വെച്ചാൽമതി എന്ന് അയാൾ പറഞ്ഞു. ഞാൻ മസ്ജിദിന്റെ അകത്തേക്കു വന്നു. മിയാൻ സാഹിബിന് ഭക്ഷണം നല്കി. അപ്പോൾ അദ്ദേഹത്തിന്റെ അവസ്ഥ നന്നായി. അദ്ദേഹം വിശപ്പ് അടങ്ങുന്നതുവരെ ഭക്ഷണം കഴിച്ചു. എന്നിട്ടും പാത്രത്തിൽ ഭക്ഷണമുണ്ടായിരുന്നു. ഞങ്ങളെ കൂടാതെയുള്ള ആ യാത്രക്കാരനും ഭക്ഷണം നല്കി. മസ്ജിദിന്റെ മൂലയിൽ കിടന്നിരുന്ന അയാൾ താനും ഭക്ഷണം കഴിച്ചിട്ടില്ലെന്ന് പറഞ്ഞിരുന്നു. അദ്ദേഹവും വിശപ്പടങ്ങുമാറ് ഭക്ഷണം കഴിച്ചു. പാത്രങ്ങൾ മസ്ജിദിൽവെച്ചു. മസ്ജിദിന്റെ വാതിലുകൾ അടച്ചുസാക്ഷയിട്ടു. ഉറങ്ങാൻ കിടന്നു. പ്രഭാതത്തിൽ ഉണർന്നപ്പോൾ മസ്ജിദിന്റെ വാതിലിന്റെ സാക്ഷയിട്ടതുപോലെ തന്നെയുണ്ട്. മറ്റേ യാത്രക്കാരൻ ഗാഢനിദ്രയിലാണ്; പക്ഷേ, പാത്രങ്ങൾ അപ്രത്യക്ഷമായിരുന്നു. സർവ്വശക്തനായ അല്ലാഹു വാഗ്ദത്ത മസീഹ്(അ)നോട് പറഞ്ഞത് പൂർണമായും സത്യമാണ്; മുഴുവൻ ലോകവും നിന്നെ ഉപേക്ഷിച്ചാലും ഞാൻ നിന്നെ ആകാശത്തുനിന്നും ഭൂമിയിൽനിന്നും സഹായിക്കും." (ഹയാത്തെ ഖുദ്സി, ഭാഗം1, പേജ് 41–44) (The Devotion of Life-Its importance and blessing)

**ആവശ്യപൂർത്തീകരണത്തിന് ദൈവികസഹായം**

ഹദ്റത്ത് മുഫ്തി മുഹമ്മദ് സ്വാദിഖ് സാഹിബ്(റ) നിവേദനം ചെയ്യുന്നു: "ഞാൻ ഇന്ത്യയിൽനിന്ന് ഇംഗ്ലണ്ടിലേക്ക് പുറപ്പെട്ടപ്പോൾ എന്റെ പാസ്പോർട്ട് പ്രകാരം ഫ്രാൻസിൽ ഇറങ്ങാൻ അനുമതിയുണ്ടായിരുന്നില്ല. എന്നിരിക്കിലും എനിക്ക് ഫ്രാൻസിൽ ഇറങ്ങാൻ അതിയായ ആഗ്രഹമുണ്ടായിരുന്നു. ഞാൻ ഇക്കാര്യം കപ്പിത്താനോടു പറഞ്ഞു. എനിക്ക് ഇറങ്ങണമെങ്കിൽ ഒരു പ്രത്യേക തുക കൈയിലുണ്ടായിരിക്കണമെന്ന് കപ്പിത്താൻ മറുപടി പറഞ്ഞു. ഞാൻ എന്റെ കൈവശമുള്ള പണം എണ്ണിനോക്കി. ഫ്രാൻസിൽ ഇറങ്ങാൻ ആവശ്യമാണെന്ന് കപ്പിത്താൻ പറഞ്ഞ തുകയിൽ രണ്ട് പൗണ്ട് കുറവായിരുന്നു. ആരിൽനിന്നെങ്കിലും രണ്ട് പൗണ്ട് കടം വാങ്ങുന്ന കാര്യം ഞാൻ ആലോചിച്ചു. അത് നടക്കില്ലെന്ന് ബോധ്യപ്പെട്ടപ്പോൾ ഞാൻ സർവ്വശക്തനായ അല്ലാഹുവിനോട് ആത്മാർഥമായി ഇങ്ങനെ ദുആ ചെയ്തു."അല്ലയോ ആകാശഭൂമികളുടെ നാഥനായ അല്ലാഹുവേ! കരയുടെയും കടലിന്റെയും സ്രഷ്ടാവേ! നീ സർവ്വശക്തനാണ്. എല്ലാ ശക്തിയും കഴിവും നിനക്കുണ്ട്. നിനക്കറിയാം, ഇപ്പോൾ എനിക്ക് രണ്ട് പൗണ്ട് ആവശ്യമുണ്ട്. അതുകൊണ്ട് നീ എനിക്ക് ദയവുചെയ്ത് രണ്ട് പൗണ്ട് നല്കിയാലും. ആകാശത്തുനിന്ന് ഇട്ടുതന്നാലോ കരയിൽനിന്ന് എറിഞ്ഞുതന്നാലോ മതി. എന്നാൽ, എനിക്ക് രണ്ട് പൗണ്ട് തരണം." ഞാൻ വിലപിക്കുകയും ദൈവത്തോട് യാചിക്കുകയും ചെയ്തു. ദുആ ചെയ്തശേഷം രണ്ട് പൗണ്ട് എനിക്ക് കിട്ടുമെന്ന് ബോധ്യം വന്നു. അപരിചിതമായ സ്ഥലത്ത് അപരിചിതരായ ആളുകളിൽനിന്ന് എനിക്ക് എങ്ങനെ രണ്ട് പൗണ്ട് കിട്ടുമെന്ന് മനസ്സിലാക്കാൻ സാധിച്ചില്ല.

ഈ ദിനങ്ങൾ യൂറോപ്യൻ യുദ്ധത്തിന്റെ ദിനങ്ങളായിരുന്നു. യാത്രയ്ക്കിടെ കപ്പൽ പെട്ടെന്ന് ഒരു സ്ഥലത്ത് നിന്നു. ഇതിന് മുമ്പേ അവിടെ ഒരിക്കലും കപ്പൽ നിറുത്തിയിട്ടുണ്ടായിരുന്നില്ല. യുദ്ധകാലമായതിനാൽ ഈ സ്ഥലത്ത് ചില അഹ്മദികൾ ഉണ്ടാവുമെന്ന് ഞാൻ വിചാരിച്ചു. അതുകൊണ്ട് ഞാൻ കപ്പിത്താനോട് കപ്പൽ നിറുത്താൻ ആവശ്യപ്പെട്ടു. എനിക്ക് കരയിലെത്തേണ്ടതുണ്ടായിരുന്നു. ആ സ്ഥലത്ത് ഒരു കാരണവശാലും കപ്പൽ നിറുത്താനാവില്ലെന്ന് അദ്ദേഹം ഉറപ്പിച്ചുപറഞ്ഞു. ഇപ്പോൾ ഇവിടെ നിറുത്തിയത് കടലിന്റെ അവസ്ഥയറിയാൻ യാദൃച്ഛയാ നിറുത്തിയതാണെന്നും അയാൾ പറഞ്ഞു. ഇതിനു മുമ്പേ കപ്പൽ ഇവിടെ നിറുത്തിയിട്ടില്ല. കുറച്ചു കഴിഞ്ഞപ്പോൾ കപ്പലിന്റെ നേർക്ക് ഒരു ബോട്ട് അടുക്കുന്നതായി തോന്നി. ഇവിടെ കപ്പൽ നിറുത്താത്ത സ്ഥിതിക്ക് ബോട്ട് എന്തിനാണ് കപ്പലിനടുത്തേക്ക് വരുന്നത്? എന്ന് ഞാൻ കപ്പിത്താനോട് ചോദിച്ചു. എന്തിനാണ് ബോട്ട് കപ്പലിനടുത്തേക്ക് വരുന്നതെന്ന് തനിക്കറിയില്ലെന്ന് അദ്ദേഹം മറുപടി നല്കി. ബോട്ട് കപ്പലിനടുത്തെത്താറായപ്പോൾ ബോട്ടിൽ സഹോദരൻ അബ്ദുൽ കരീമാണെന്ന് ഞാൻ തിരിച്ചറിഞ്ഞു. ഈ പ്രത്യേക കപ്പൽ വഴി ഞാൻ ലണ്ടനിലേക്ക് പോകുകയാണെന്ന് അബ്ദുൽ കരീം എങ്ങനെയോ അറിയാനിടയായി. ഈ പ്രത്യേക റൂട്ടിലൂടെയും സമയത്തും കപ്പൽ ഇതിലെ കടന്നുപോകുമെന്നും മനസ്സിലായി. കപ്പൽ ഇവിടെ നിറുത്തില്ലെന്നറിഞ്ഞിട്ടും അബ്ദുൽ കരീം കടൽക്കരയിൽ എത്തിയതാണ്. കപ്പൽ നങ്കൂരമിട്ടത് കണ്ട ഉടനെ അദ്ദേഹം ബോട്ടുമായി കപ്പലിനടുത്തേക്ക് വന്നതാണ്. കപ്പിത്താൻ അദ്ദേഹത്തോട് കപ്പലിലേക്ക് കയറാൻ പറഞ്ഞു. കപ്പിത്താന് അദ്ദേഹത്തോട് ചില വിവരങ്ങൾ അറിയേണ്ടതുണ്ടായിരുന്നു. അപ്രകാരം അദ്ദേഹം കപ്പലിൽ വന്നു. പല സംഗതികളെക്കുറിച്ചും സംസാരിച്ചു. കപ്പൽ പോകാൻ നേരത്ത് അദ്ദേഹം രണ്ട് പൗണ്ട് എന്റെ പോക്കറ്റിലിട്ടുതന്നു. താൻ കുറച്ച് മിഠായി കൊണ്ടുവരാനായിരുന്നു ആഗ്രഹിച്ചത്. പക്ഷേ, കപ്പൽ ഇവിടെ നങ്കൂരമിടുമെന്ന് താൻ ഊഹിക്കുകപോലും ചെയ്തിരുന്നില്ല. താങ്കളെ കാണുമെന്നും കരുതിയില്ല. അതുകൊണ്ട് മിഠായി വാങ്ങാൻ ഈ തുക സ്വീകരിക്കുക എന്നദ്ദേഹം നിർബന്ധിച്ചു. (തുടരും)

**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

# സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലായുടെ അമേരിക്കൻ പര്യടനം

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

### 2018 ഒക്ടോബർ 19 (വെള്ളിയാഴ്ച)

മസ്ജിദ് ബയ്ത്തുൽ ആഫിയത്തിന്റെ ഉൽഘാടനത്തോടനുബന്ധിച്ച് നടന്ന ഹുദൂറിന്റെ പ്രഭാഷണം 6.27 വരെ നീണ്ടു നിന്നു. ഒടുവിൽ ഹുദൂർ ദുആക്ക് നേതൃത്വം നൽകി. പ്രസംഗ സമാപ്തിയിൽ എഴുന്നേറ്റുനിന്ന് നീണ്ട നേരം അതിഥികൾ ഹർഷാരവം മുഴക്കിക്കൊണ്ടിരുന്നു. സ്റ്റേജിൽ ഉപവിഷ്ടരായിരുന്ന അതിഥികൾക്ക് ഹുദൂർ ഉപഹാരങ്ങൾ നൽകി. ശേഷം നടന്ന ഡിന്നർ പരിപാടിയിൽ പങ്കെടുത്ത അതിഥികൾ ഓരോരുത്തരായി ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. ലൈനായി നിന്ന് അതിഥികൾ ഹുദൂറിനെ കാണാൻ വന്നു കൊണ്ടിരുന്നു. ഹുദൂർ അവരുമായി സംസാരിക്കുകയും അതിഥികൾ ഹുദൂറുമൊത്ത് ഫോട്ടോ എടുക്കുകയും ചെയ്തുകൊണ്ടിരുന്നു. ശേഷം അല്പനേരത്തേക്ക് ഹുദൂർ താമസ സ്ഥലത്തേക്ക് പോയി.

8.30–ന് ഹുദൂർ മഗ്രിബ്–ഇശാഅ് ജംആക്കി നമസ്കരിപ്പിച്ചു.

### അതിഥികളുടെ പ്രതികരണങ്ങൾ

ഹുദൂറിന്റെ പ്രഭാഷണം അതിഥികളിൽ അഗാധമായ സ്വാധീനമാണ് ഉണ്ടാക്കിയത്. അവരത് വെളിപ്പെടുത്തുകയും ചെയ്തു.

ഫിലാഡൽഫിയാ (Philadelpiia) പട്ടണത്തിന്റെ മേയർ ജിം കെന്നി (Jim kenney) തന്റെ വികാരങ്ങൾ ഇങ്ങനെ പ്രകടിപ്പിച്ചു:

“ജമാഅത്തിലെ വ്യക്തികളുമായി എന്റെ ബന്ധം രണ്ടു വർഷം മുമ്പേയാണ് തുടങ്ങിയത്. അന്ന് ഇവിടുത്തെ നിർമാണ പ്രവർത്തനം പ്രാരംഭ ദശയിലായിരുന്നു. ഇപ്പോളിത് വളരെ സുന്ദരമായ കെട്ടിടമായി മാറിയിരിക്കുന്നു. ഇതു വളരെ വലിയ ഒരു നിക്ഷേപമാണ്. വളരെ യോജിച്ച സ്ഥലമാണിത്. ജമാഅത്തിനെ സംബന്ധിച്ച് ഞാൻ പറയാനാഗ്രഹിക്കുന്നത്, സേവന പ്രവർത്തനത്തിൽ ഇവർ വിശ്വസിക്കുന്നു എന്നതാണ്. നമുക്കെല്ലാവർക്കും ഈ പട്ടണത്തിലെ വാസികൾക്കും ഇതേ സേവനമാണ് ആവശ്യം. ഈ മസ്ജിദിൽ വരുന്നവർ ചുറ്റിലുമുള്ള അയൽവാസികളായ കുട്ടികളെ നല്ല നാഗരികരാക്കുന്നതിൽ വിജയിച്ചാൽ, അവരിൽ ഉത്തരവാദിത്വ ബോധവും ക്ഷമയും ഉണ്ടാക്കിയാൽ അത് നമ്മുടെ പട്ടണത്തിനും ഈ പ്രദേശത്തിനും വലിയ മാറ്റത്തിന് കാരണമാക്കും.

“ഹുദൂറിനെ കാണാൻ കഴിഞ്ഞത് വളരെ നല്ലതായി. അദ്ദേഹം ഒരു മഹൽ വ്യക്തിത്വമാണ്. വിശാല കാഴ്ചപ്പാടുള്ള വ്യക്തിയാണദ്ദേഹം. ഹുദൂറിന്റെ സാന്നിധ്യത്തിന്റെ തോന്നൽത്തന്നെ അദ്ദേഹം എത്രയോ മഹദ് വ്യക്തിത്വമാണെന്ന് നമ്മെ ഓർമപ്പെടുത്തുന്നു. ഇതേ കാരണംകൊണ്ടാണ് അദ്ദേഹം ഈ ഉന്നത പദവിയിൽ തിരഞ്ഞെടുക്കപ്പെട്ടത്. ഹുദൂറുമൊത്തുള്ള അഭിമുഖം മഹത്ത്വപൂർണമായിരുന്നു. ഫിലാഡൽഫിയയുടെ സാഹചര്യങ്ങളെ കുറിച്ചും ഭരണകൂടത്തെ കുറിച്ചും അദ്ദേഹം അന്വേഷിച്ചു. ഇവിടുത്തെ വ്യവസായങ്ങളെ കുറിച്ചും വരുമാന മാർഗങ്ങളെ കുറിച്ചും ചോദിച്ചറിഞ്ഞു. കൃഷി സംബന്ധമായും സംഭാഷണം നടന്നു. അദ്ദേഹത്തിന് നമ്മെ കുറിച്ചുള്ള ചിന്തയായിരുന്നു. മേയറിന്റേയും കൗൺസിലറുടേയും അധികാരങ്ങളെ കുറിച്ചും അന്വേഷിച്ചു. വളരെ ഹൃദയ സ്പൃക്കായിരുന്നു ഹുദൂറുമൊത്തുള്ള ഈ സംഭാഷണമെല്ലാം.

“ഈ രാജ്യത്ത് മതപരമായ സ്വാതന്ത്ര്യമുണ്ട്. ഇവിടെ നിരവധി മതത്തിന്റെ വക്താക്കൾ വസിക്കുന്നു. വ്യക്തിപരമായി ഞാൻ ഏക ദൈവത്തിൽ ദൃഢമായും വിശ്വസിക്കുന്നു. നമുക്കെല്ലാം ഒന്നു ചേർന്ന് സമൂഹത്തിന്റെ ഉന്നമനത്തിന് സ്വന്തം കഴിവുകൾ പ്രയോജനപ്പെടുത്താം. എന്റെ അഭിപ്രായത്തിൽ ദൈവം ഇതു തന്നെയാണ് നമ്മിൽ നിന്ന് ആഗ്രഹിക്കുന്നത്.

“ഇവിടെ നിങ്ങൾ വളരെ വലിയൊരു നിക്ഷേപമാണ് നടത്തിയിരിക്കുന്നത്. ആറേഴ് മില്യൺ ഡോളർ നിങ്ങളിവിടെ ചെലവഴിച്ചുവെന്ന് ഞാൻ വിചാരിക്കുന്നു. പരസ്പര സഹായത്തിനൊരു ശോഭനമായ മാതൃകയാണിത്. മുസ്ലിമീങ്ങൾ പരസ്പരം സഹായിക്കുന്നതിൽ വളരെ തല്പരരാണ്. നിങ്ങളിലുള്ള പരസ്പര സഹായത്തിന്റെ വികാരം വളരെ മാതൃകാപരമാണ്.

“ഹുദൂറിന്റെ സന്ദേശം വളരെ ഗംഭീരമാണ്. സമാധാനം, സ്നേഹം തുടങ്ങിയ ഗുണങ്ങൾ മുഖേന നമുക്കെല്ലാം ഒന്നു ചേർന്ന് പുരോഗതിപ്പെടാൻ കഴിയും. ഈ പട്ടണത്തിൽ കൂടുതൽ സാഹോദര്യ വികാരം സൃഷ്ടിക്കാൻ കഴിയും. ഹുദൂറിന്റെ സന്ദേശം എന്നെ വളരെ വശീകരിച്ചിരിക്കുന്നു. ഹുദൂർ വളരെ വിശാല വീക്ഷണമുള്ള വ്യക്തിയാണ്. വളരെ അനുകമ്പയുള്ളവരും മനുഷ്യകുലത്തെ സഹായിക്കുന്നവരുമാണ്. വളരെ സ്വാധീനമുണ്ടാക്കാൻ കഴിയുന്ന വ്യക്തിത്വത്തിന്റെ ഉടമയുമാണ്.”

കോൺഗ്രസ് മാൻ അംഗം ഡ്വിറ്റ് ഇവാൻസ് (Dwight evans) തന്റെ അനുഭവങ്ങൾ ഇങ്ങനെ പങ്ക് വെക്കുന്നു:

“സമാധാന സ്ഥാപനവുമായി ബന്ധപ്പെട്ട് വളരെ ശ്രേഷ്ഠമായ സന്ദേശമാണ് ഹുദൂർ നൽകിയത്. നിർഭാഗ്യവശാൽ അമേരിക്കയിൽ നാമിന്ന് ഒരു അന്ധകാരം നിറഞ്ഞ കാലഘട്ടത്തിലൂടെയാണ് കടന്നു പോകുന്നത്. ഈ പരിതഃസ്ഥിതിയിൽ ഇങ്ങെനെയൊരു സന്ദേശം ഗംഭീരമാണ്. ഇതിൽനിന്ന് മനസ്സിലാകുന്നത്, മുസ്ലിം സമൂഹം അമേരിക്കക്ക് മാത്രമല്ല ലോകത്തിനാകമാനവും എത്രമാത്രം പ്രാധാന്യമുള്ള സമൂഹമാണെന്നാണ്. കോൺഗ്രസ് അംഗം എന്ന നിലയിൽ ഹുദൂറിനെ ഹൃദയാത്മനാ ഞാൻ സ്വാഗതം ചെയ്യുന്നു.

“ഭാവിയിൽ നമുക്ക് പ്രതീക്ഷയും സമാധാനവും വേണം. ഫിലാഡൽഫിയയുടെ മതസ്വാതന്ത്ര്യത്തിന് ഒരു പ്രാധാന്യമുണ്ട്. നിങ്ങളുടെ മസ്ജിദിന് ഈ സ്ഥലം ഗംഭീരമായിരക്കുമെന്ന് എനിക്കുറപ്പുണ്ട്. ഹൃദയത്തിന്റെ ആഴങ്ങളിൽനിന്ന് ഞാൻ ഹുദൂറിനും നിങ്ങളുടെ ജമാഅത്തിനും അനുഗ്രഹങ്ങൾ ആശംസിക്കുന്നു. കോൺഗ്രസ് മാൻ എന്ന നിലയിൽ ഞാനേത് സമയത്തും താങ്കളോടൊപ്പവും താങ്കളുടെ ജമാഅത്തിനോടൊപ്പവും നിലകൊള്ളുമെന്ന് വ്യക്തമാക്കുന്നു. ഹുദൂറുമായുള്ള അഭിമുഖം ഹൃദയസ്പൃക്കായിരുന്നു. ഭക്ഷണത്തെ സംബന്ധിച്ചും വർത്തമാനമുണ്ടായി. എനിക്ക് കൃഷിയുമായി ബന്ധമുള്ളമുള്ളതിനാൽ ഭക്ഷണ നയത്തെപ്പറ്റി സംഭാഷണം നടന്നു. ആഗോള തലത്തിൽ ഈ പ്രശ്നം വളരെ പ്രാധാന്യം അർഹിക്കുന്നതാണ്. ഹുദൂറിനോട് ഇതു വിഷയകമായി സംസാരിച്ചതിൽ എനിക്ക് വളരെ സന്തോഷമുണ്ട്.” –

ഒരു ജഡ്ജ് ഹാരി ഷ്വാട്സും(Harry Schwarts) ഈ പരിപാടിയിൽ പങ്കെടുത്തിരുന്നു. അദ്ദേഹം തന്റെ വികാരങ്ങൾ ഈ വാക്കുകളിൽ പ്രകടിപ്പിച്ചു:

‘ഇവിടെ എന്നെ ക്ഷണിച്ചത് എനിക്ക് ലഭിച്ച വലിയ ആദരവാണ്. വളരെയധികം അഹ്മദികളുമായി കാണാൻ കഴിഞ്ഞു. 25 വർഷമായി എനിക്ക് ഈ ജമാഅത്തിനെ കുറിച്ചറിയാം. ഇവിടുത്തെ പ്രാദേശിക ജമാഅത്തിന്റെ പ്രസിഡന്റ് എന്റെ നല്ല മിത്രമാണ്. അയൽവാസിയാണ്. പല ഡിന്നറുകളിലും വിവിധ വിഷയങ്ങളെ കുറിച്ച് സംസാരിക്കാൻ അവസരം ലഭിച്ചിട്ടുണ്ട്. കൂടിച്ചേർന്നിരിക്കുന്നത് എന്റെ അഭിപ്രായത്തിൽ പരസ്പരമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അനിവാര്യമാണ്. ഹുദൂറിന്റെ വ്യക്തിത്വം വളരെ ഗംഭീരമാണ്. അദ്ദേഹം ധാരാളം സ്ഥലങ്ങൾ സന്ദർശിക്കുകയും പ്രഭാഷണങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ശരിക്കും മനസ്സലാക്കുകയാണെങ്കിൽ ഹുദൂറിന്റെ സ്നേഹത്തിന്റേയും സഹവർത്തിത്വത്തിന്റേയും ഒത്തുചേരലിന്റേയും സന്ദേശത്തിൽനിന്ന് ഞാൻ വിചാരിക്കുന്നത് നമ്മൾ വളരെ നല്ല സാഹചര്യത്തിലാണുള്ളതെന്നാണ്.

ഫിലാഡൽഫിയ പോലീസ് ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള ഒരു ക്യാപ്റ്റൻ തന്റെ അനുഭവങ്ങൾ ഇങ്ങനെ പകരുന്നു:

“ഇവിടെ ക്യാപ്റ്റൻ എന്ന നിലയിൽ ഞാൻ രണ്ടു വർഷമായി ജോലി ചെയ്തു വരുന്നു. ഈ മസ്ജിദിന്റെ നിർമ്മാണ കാലഘട്ടം ഏഴ് വർഷത്തിൽ വ്യാപിച്ചു കിടക്കുന്നു. ഇവിടുത്തെ വിവിധ സമൂഹങ്ങളുമായി വളരെ അടുത്ത ബന്ധം നമുക്കുണ്ട്. പരസ്പരം കൂടുതൽ അടുത്ത് വരാൻ നമ്മൾ ശ്രമിച്ചു വരുന്നു. ഈ മസ്ജിദ് ഈ സമൂഹത്തിന്റെ പുതിയൊരു ലക്ഷ്യമാണ്. മറ്റ് പോലീസുകാരോടൊപ്പം ഞാനിവിടെ എത്താൻ കാരണം ഞങ്ങൾ നിങ്ങളോടൊപ്പമുണ്ട് എന്ന ഐക്യബോധം വെളിപ്പെടുത്താ

**അല്ലാഹുവിന്റെ കലാം:**

**‘നിങ്ങൾ മനഃപൂർവം സത്യത്തെ അസത്യവുമായി കലർത്തുകയും സത്യം മറച്ചു വെക്കുകയും ചെയ്യരുത്.’**
**(2:43)**

**ത്വാലിബെ ദുആ:**
**K.Muhammad Shareef & Family**
**Ahmadiyya Jama-ath Vaniyambalam, Kerala.**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:–**

**‘ഭൗതികശക്തികൾ ഇസ്ലാം–അഹ്മദിയ്യത്തിനെ തെല്ലും ഭയപ്പെടേണ്ട ആവശ്യമില്ല. എല്ലാ രൂപത്തിലും ഞങ്ങൾ ഒരു ആത്മീയ ജമാഅത്താണ്.’**
**(ഡന്മാർക്ക് പര്യടനം, ചോദ്യോത്തരം 2016 മെയ് 18)**

**ത്വാലിബെ ദുആ:**
**P.P. Nasiruddin , Ahmadiyya Jama-ath Kannur Town, Kerala.**

നാണ്. ഇവിടുത്തെ പ്രദേശിക വ്യക്തികൾക്കും ഇസ്‌ലാമിനും ഇടയിൽ ഒരു പാലമാകാൻ വേണ്ടിയാണ്. ഇവിടെ വസിക്കുന്നവർക്ക് ഈ മസ്ജിദ് എന്ത് വാഗ്ദാനമാണ് നൽകുന്നതെന്ന് കാണാൻ ഞാൻ ആഗ്രഹിക്കുന്നു. ഇതിൽ പോലീസിന് എന്ത് പ്രോൽസാഹനാജനകമായ പങ്ക് വഹിക്കാൻ കഴിയുമെന്നും കാണാൻ ആഗ്രഹിക്കുന്നു. നമ്മൾ ഇതര സമൂഹവുമായും ബന്ധപ്പെട്ടു കൊണ്ടാണ് പ്രവർത്തിക്കുന്നത്. അതേ പോലെ ഈ മസ്ജിദുമായും ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതാണ്. ഈ മസ്ജിദിനുവേണ്ടി എപ്പോൾ വിളിക്കപ്പെട്ടപ്പോഴും പൂർണ സഹകരണം നൽകാൻ സാധിച്ചിട്ടുണ്ട്. ഇവിടുത്തെ ജമാഅത്തിന്റെ ഭാരവാഹികൾ പ്രാഗൽഭ്യം ഉള്ള വരായതുകൊണ്ട് ഞങ്ങൾക്ക് ഒന്നും ചെയ്യേണ്ടി വന്നില്ല. ഇവിടുത്തെ പ്രാദേശിക വ്യക്തികളുമായി ബന്ധം സ്ഥാപിക്കുന്നതിലും മറ്റും ജമാഅത്ത് വളരെ നല്ല പങ്കാണ് വഹിച്ചിട്ടുള്ളത്."

ഒരു വനിത തന്റെ അനുഭവങ്ങൾ ഇങ്ങനെ വെളിപ്പെടുത്തി:

"എനിക്ക് ഹുദൂറിനെ വളരെയധികം ഗുണങ്ങളുടെ വ്യക്തിയായാണ് കാണാൻ സാധിച്ചത്. അദ്ദേഹത്തിന്റെ സംസാരരീതി വളരെ മൃദുലമാണ്. എല്ലാ ഓരോരുത്തരേയും കാണുന്നതിൽ അദ്ദേഹം വളരെ ഔദാര്യവാനാണ്. സാധാരണ നിലയിൽ ഇത്തരം ഉന്നത പദവിയിലെത്തുന്ന വരിൽ ഒരു പ്രകടനാത്മകത ഉണ്ടാകാറുണ്ട്. ഹുദൂറിന്റെ വ്യക്തിത്വം ഇതിൽ നിന്ന് തികച്ചും പരിശുദ്ധമാണ്. അദ്ദേഹത്തിൽ വളരെ വിനയം പ്രകടമാണ്."

ഒരു ആഫ്രോ അമേരിക്കൻ നവ മുസ്‌ലിം അബ്ദുൽ അസീസ് തന്റെ വികാരങ്ങൾ ഈ വാക്കുകളിൽ ചാലിച്ചു:

"ഇവിടെ മസ്ജിദിന്റെ വളരെ ആവശ്യമുണ്ടായിരുന്നു. ഇത് വളരെ നല്ല ഒരു കേന്ദ്രമായി മാറിയിരിക്കുന്നു. അന്തരീക്ഷത്തെ നന്നാക്കിയെടുക്കാൻ പത്തു വർഷം എടുക്കാറുണ്ടെന്ന് പറയപ്പെടാറുണ്ട്. ഞാൻ രണ്ടു വർഷത്തിൽ ഇവിടുത്തെ അന്തരീക്ഷം നല്ലതാകുന്നതായി കണ്ടു. ഇതുൽ നിന്ന് മനസ്സിലാകുന്നത്, താല്പര്യമുണ്ടെങ്കിൽ ഒത്തു ചേർന്ന് ഈ പണി ചെയ്യാൻ സാധിക്കുമെന്നാണ്. ഹുദൂർ ഏതൊന്ന് പറഞ്ഞോ അതെല്ലാം കാലത്തിന്റെ ആവശ്യമാണ്. വിസ്മയിപ്പിക്കുന്ന സന്ദേശമാണിത്. അങ്ങയുടെ ഓരോ വാക്കും ഹൃദയസ്പൃക്കാണ്."

ഒരു ആഫ്രോ അമേരിക്കൻ വനിത തന്റെ വികാരം ഇങ്ങനെ വ്യക്തമാക്കി: (ഇവർ സ്വന്തം ചെലവിൽ ട്രസ്റ്റ് നടത്തുന്നുണ്ട്)

"ഇവിടെ നമ്മൾ ഇതര മുസ്‌ലിം സംഘടനകളുമായും ബന്ധപ്പെടാറുണ്ട്. എന്നാൽ, ബന്ധങ്ങൾ നിലനിറുത്തുന്നതിൽ അഹ്‌മദികളെ കഴിച്ചാരുമില്ല. ഇവർ സ്വയം മുന്നോട്ട് വന്നു കൊണ്ട് ബന്ധങ്ങൾ സൃഷ്ടിക്കുന്നു. ബന്ധങ്ങളെ ക്രമീകരിക്കുന്നു. സ്വന്തം പരിപാടികളിൽ നമ്മേയും ക്ഷണിക്കുന്നു. ഇപ്രകാരം ഇസ്‌ലാമിനെ കുറിച്ച് നമുക്ക് കൂടുതൽ പഠിക്കാൻ അവസരം കൈവരുന്നു. ഒരു നീണ്ട കാലമായി എനിക്ക് ജമാഅത്തുമായി ബന്ധമുണ്ട്. ഈ ഗംഭീര കെട്ടിടം അഹ്‌മദിയ്യാ ജമാഅത്തിന് ലഭിച്ച വളരെ നല്ല ചേരുവയാണ്. ഇവിടേക്ക് എല്ലാവരും ക്ഷണിക്കപ്പെട്ടിരിക്കുന്നു. ഏതൊരു വ്യക്തിക്കും മസ്ജിദിൽ വരാം. 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്' എന്ന നിങ്ങളുടെ ലക്ഷ്യവും വളരെ മഹത്തരമാണ്. ഇതൊരു ഗഹനീയ പാഠമാണ്. ബാഹ്യമായ സ്നേഹം എത്ര അനിവാര്യമാണെന്ന് ഇത് നമ്മുടെ യുവാക്കളെ പഠിപ്പിക്കുന്നു. നമ്മുടെ സമൂഹത്തിൽ ഈ മസ്ജിദ് വളരെ സുന്ദരമായ ഒരു ചേരുവയാണ്."

ഒരു ആഫ്രോ അമേരിക്കൻ വനിത ഹബീബ മുസ്‌ലിമ സാഹിബ പറയുന്നു:

"ഈ പ്രദേശത്ത് മസ്ജിദിന്റെ വരവ് വളരെ നല്ല ശ്രമമാണ്. ഇതു മുഖേന നമുക്ക് ഒത്തു ചേരാനുള്ള ഒരിടം കൈവന്നിരിക്കുന്നു. ഇത്തരം കെട്ടിടങ്ങൾ വളരെയധികമാണ്. എന്നാൽ, തുറന്ന മനസ്സോടു കൂടി കമ്യൂണിറ്റി സെന്ററിൽ സ്വീകരിക്കുന്നുണ്ടോ എന്നതാണ് അടിസ്ഥാന കാര്യം. ഇവിടെ എല്ലാവരും തുറന്ന മനസ്സോടെ ക്ഷണിക്കപ്പെട്ടിരിക്കുന്നു എന്ന് കാണുന്നത് വളരെ നല്ലതാണ്. ഇതു തന്നെയാണ് യഥാർഥ ഇസ്‌ലാം. ഇതു തന്നെയാണ് അഹ്‌മദികളുടെ മുഖമുദ്രയും. ഹുദൂറിന്റെ പ്രഭാഷണം വളരെ നല്ലതായിരുന്നു. ഇതു മുഖേന വളരെയധികം കാര്യങ്ങൾ പഠിക്കാൻ കഴിഞ്ഞു. ഇതിനെ നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കണമെന്നും ഞാൻ പ്രതീക്ഷിക്കുന്നു. ഹുദൂറിന്റെ വ്യക്തിത്വത്തിൽ നിന്ന് വിനയം നിർഗളിക്കുന്നു. ഹുദൂർ പറഞ്ഞതനുസരിച്ച് പണിയെടുത്താൽ നമ്മൾ നിസ്സംശയം നേരായ വഴിയിലായിരിക്കുകതന്നെ ചെയ്യും."(തുടരും) (ബദ്ർ 13.12.18-10.01.19)

## 125-ാമത് ജൽസ സാലാന ഖാദിയാൻ

സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് 125-ാമത് ജൽസസാലാന (വാർഷിക സമ്മേളനം) ഖാദിയാൻ 2019 ഡിസംബർ 27,28,29(വെള്ളി,ശനി,ഞായർ) തിയതികളിൽ നടത്താൻ സമ്മതം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾ മുതൽതന്നെ ദുആയോടുകൂടി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കാൻ തയ്യാറെടുപ്പുകൾ തുടങ്ങുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽനിന്ന് ഉപകാരമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ജൽസസാലാന എല്ലാവിധത്തിലും വിജയകരവും അനുഗൃഹീതവും ആകുന്നതിനും സൗഭാഗ്യരായ ആളുകൾക്ക് സന്മാർഗപ്രാപ്തിക്ക് കാരണമാകുന്നതിനും വേണ്ടി ദുആചെയ്തുകൊണ്ടിരിക്കുക. ജസാക്കുമുല്ലാഹ്

***(നാളിർ ഇസ്‌ലാഹ് -ഒ-ഇർശാദ് മർക്കസിയ്യ ഖാദിയാൻ)***

## ഖാദിയാൻ ദാറുൽ അമാനിൽ സംഘടിപ്പിക്കുന്ന വാർഷിക ഇജ്തിമാകളുടെ തിയ്യതി

സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് ഭാരതത്തിലെ ഉപസംഘടനകളുടെ (മജ്‌ലിസ് അൻസാറുല്ലാഹ്, മജ്‌ലിസ് ഖുദ്ദാമുൽ അഹ്‌മദിയ്യ, ലജ്ന ഇമാഇല്ലാഹ്) ദേശീയ വാർഷിക ഇജ്തിമാകൾ 2019 ഒക്ടോബർ 18, 19, 20 (വെള്ളി, ശനി, ഞായർ) എന്നീ തിയ്യതികളിൽ നടത്താൻ അനുവാദം നല്കിയിരിക്കുന്നു.

(പേജ് 2ൽനിന്ന്)

ആവശ്യങ്ങൾ നിറവേറ്റണമെന്നുമാണ്. ഉദാഹരണമായി വിശുദ്ധഖുർആൻ 4-ാം അധ്യായം 37-ാം വചനം നമ്മിൽ ധാർമികമൂല്യങ്ങളുടെ നിയമവ്യവസ്ഥിതി ചുമത്തുന്നു. ഒരു യഥാർഥ മുസ്‌ലിം അവ സ്വീകരിച്ച് അതിനനുസൃതമായി ജീവിക്കണം. സമൂഹത്തിലെ മറ്റംഗങ്ങളുമായി എങ്ങനെയാണ് സംവദിക്കേണ്ടതെന്നതിനെ കുറിച്ച് അത് നമുക്ക് മാർഗദർശനം നൽകുന്നു.

ഒരുഭാഗത്ത് ഈ സൂക്തത്തിൽ മുസ്‌ലിമീങ്ങൾ അല്ലാഹുവിനെയല്ലാതെ മറ്റൊന്നിനേയും ആരാധിക്കരുതെന്നും അവന് ആരേയും പങ്കുചേർക്കരുതെന്നും പഠിപ്പിക്കുമ്പോൾ മറുഭാഗത്ത് മനുഷ്യകുലത്തോട് സഹാനുഭൂതിയും സ്നേഹവും കാണിക്കണമെന്നു പറയുകയും ചെയ്യുന്നു. എല്ലാറ്റിലുമുപരി ഈ സൂക്തം മുസ്‌ലിമീങ്ങളോട് അനുശാസിക്കുന്നത് മാതാപിതാക്കളോടു മൃദുലമായും സ്നേഹത്തോടും പെരുമാറണമെന്നാണ്. എന്തെന്നാൽ, അവർ നമ്മെ നിസ്വാർഥമായി സ്നേഹിച്ചവരാണ്. നമ്മുടെ നന്മയ്ക്കുവേണ്ടി എണ്ണമറ്റ ത്യാഗങ്ങൾ സഹിച്ചവരാണ്. പിന്നെ മുസ്‌ലിമീങ്ങൾ അനുശാസിക്കപ്പെട്ടിട്ടുള്ളത് ബന്ധുക്കളോടും സ്നേഹിതന്മാരോടും സ്നേഹവും ആത്മാർഥതയും കാണിക്കണമെന്നാണ്. അനാഥരോട് അനുകമ്പ കാണിക്കണമെന്നും ഏതെങ്കിലും വിധത്തിൽ ദുരിതമനുഭവിക്കുന്നവരോട് സ്നേഹം കാണിക്കണമെന്നും പഠിപ്പിക്കപ്പെട്ടിട്ടുമുണ്ട്.

ഈ സൂക്തം പ്രത്യേകമായി പ്രസ്താവിക്കുന്നത് മുസ്‌ലിമീങ്ങൾ തങ്ങളുടെ അയൽവാസികളുടെ അവകാശങ്ങൾ പൂർത്തിയാക്കണമെന്നാണ്. തങ്ങളോട് വ്യക്തിപരമായി ബന്ധമില്ലാത്തവരും അയൽവാസികളിൽ പെടും. അയൽവാസികളുടെ അവകാശങ്ങൾ പൂർത്തിയാക്കുകയെന്നാൽ, അമുസ്‌ലിമീങ്ങൾ തങ്ങളുടെ അയൽവാസികളോട് ഔദാര്യത്തോടും സഹാനുഭൂതിയോടുംകൂടി പെരുമാറണമെന്നും അവർക്ക് ആവശ്യം നേരിടുമ്പോൾ അവരെ സഹായിക്കണമെന്നും അവരുടെ ദുഃഖാവസ്ഥയിൽ അവരുമായി ചേരണമെന്നുമാണ്. അതിന്റെ അർഥം അവരെ ബഹുമാനിക്കണമെന്നും അവരെ ഉന്നതരായി കണക്കാക്കണമെന്നുമാണ്. അതിലുപരി, ഇസ്‌ലാംമതമനുസരിച്ച് അയൽവാസിയു ടെ നിർവചനം അങ്ങേയറ്റമെത്തുന്നതാണ്. ഇസ്‌ലാംമത സ്ഥാപകനായ മുഹമ്മദ് നബി(സ) തിരുമേനി പ്രസ്താവിച്ചിട്ടുള്ളത് ഒരു വ്യക്തിയുടെ അയൽവാസി അയാളുടെ തൊട്ടടുത്ത് താമസിക്കുന്നവർ മാത്രമല്ല, ചുരുങ്ങിയത് അടുത്തുള്ള നാല്പതു വീടുകളുൾപ്പെടുമെന്നാണ്. ഇതുകൂടാതെ ഒരു വ്യക്തിയുടെ അയൽവാസി സഹപ്രവർത്തകരും സഹയാത്രികരും ഉൾപ്പെട്ടവരാണെന്നും വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നു.

ഇതിന്റെ വെളിച്ചത്തിൽ ഈ സ്ഥലത്ത് താമസിക്കുന്ന എല്ലാവരും ഈ സ്ഥലത്തെ റോഡുകളിൽ സഞ്ചരിക്കുന്നവരും നമ്മുടെ അയൽവാസികളാണ്. അതിന്റെ ഫലമായി, എല്ലാ അഹ്‌മദി മുസ്‌ലിമീങ്ങളുടെയും ബാദ്ധ്യതയാണ്, അവർ ഇസ്‌ലാമാബാദിൽ താമസിക്കുന്നവരായാലും തദ്ദേശവാസികളായാലും ഇവിടെ പ്രാർഥനക്ക് വരാൻ യാത്ര ചെയ്യുന്നവരായാലും ഈ നിയമങ്ങൾ പാലി

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-4 Thursday 26 September 2019 Issue-39

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

ക്കുകയെന്നതും എല്ലാ സമയത്തും അയൽവാസികളുടെ വിപുലമായ വൃത്തത്തെ പരിഗണിക്കുകയെന്നതും. അവർക്കൊരു വിഷമമോ ദുരിതമോ വരുന്നില്ലെന്ന് ഉറപ്പുവരുത്തുകയും വേണം.

നിങ്ങളുടെ അവകാശങ്ങളെ ബഹുമാനിക്കുകയും ഉയർത്തിപ്പിടിക്കുകയും ചെയ്യുമെന്നും നിങ്ങളെല്ലാവരേയും ശ്രദ്ധിക്കാൻ കഠിനാധ്വാനം ചെയ്യുമെന്നും ഞാൻ വ്യക്തിപരമായി പ്രതിജ്ഞ ചെയ്തുകൊള്ളുന്നു. നമ്മുടെ ജമാഅത്തംഗങ്ങളെ അതിനായി ബോധവൽക്കരിക്കുകയും ചെയ്യുനന്താണ്.

ഈ പുതിയ മസ്ജിദ് നിർമിക്കാൻ ഞങ്ങൾ പ്രാപ്തരായി എന്നത് ഒരു മഹത്തായ അനുഗ്രഹമാണ്. ഇവിടെ നമുക്കെല്ലാവർക്കും സർവ്വശക്തനായ ഏകദൈവത്തെ ആരാധിക്കുന്നതിന് ഒത്തുചേരാം. ഈ മസ്ജിദിന്റെ ഉദ്ഘാടനം നമ്മെ നിർബന്ധിക്കുന്നത് മനുഷ്യകുലത്തിന്റെ അവകാശങ്ങൾ എന്നത്തേക്കാളുമുപരി നിറവേറ്റണമെന്നതാണെന്ന് ഞങ്ങൾ ഉറച്ചുവിശ്വസിക്കുന്നു. യഥാർഥത്തിൽ നമുക്ക് ഈ മസ്ജിദിനോടും സർവ്വശക്തനായ അല്ലാഹുവിനോടും നീതിപുലർത്താൻ സാധിക്കുന്നത്, മനുഷ്യകുലത്തിന്റെ അവകാശങ്ങൾ പൂർത്തീകരിക്കുമ്പോഴാണെന്ന് ഞങ്ങൾ ദൃഢമായി വിശ്വസിക്കുന്നു. ഞങ്ങൾ സദാ ഏറ്റവും നല്ല ധാർമികതയും സ്വഭാവവും കാണിക്കുകയും സ്വജീവിതത്തിൽ പകർത്തുകയും ചെയ്യണമെന്നാണ് ഞങ്ങളുടെ വിശ്വാസം സുനിശ്ചിതമായും ഞങ്ങളോടാവശ്യപ്പെടുന്നത്. ഉദാഹരണമായി വിശുദ്ധഖുർആൻ 2-ാം അധ്യായം 84-ാം വചനം പ്രസ്താവിക്കുന്നത്, നിങ്ങൾ നിങ്ങളുടെ ഹൃദയം മറ്റുള്ളവർക്കുവേണ്ടി തുറക്കണമെന്നും അവരുടെ ആവശ്യങ്ങളെക്കുറിച്ച് സഹതാപമുള്ളവരായിരിക്കണമെന്നുമാണ്.

ഒരു അഹ്മദി മുസ്‌ലിമിന്റെ നിലവാരം ഇതിലും താഴ്ന്നതായാൽ അവൻ അല്ലെങ്കിൽ അവൾ തങ്ങളുടെ വിശ്വാസത്തിന്റെ ആവശ്യം നിറവേറ്റുന്നില്ലെന്നതാണ് യാഥാർഥ്യം. കൂടുതൽ വ്യക്തമായി പറഞ്ഞാൽ, തങ്ങളുടെ മസ്ജിദുകളിൽ ആരാധന നടത്തിയാൽമാത്രം പോരാ, അവർ തങ്ങളുടെ തദ്ദേശവാസികൾക്ക് സേവനവും ചെയ്യണമെന്ന് സർവ്വശക്തനായ അല്ലാഹു മുസ്‌ലിമീങ്ങളോട് ആജ്ഞാപിച്ചിരിക്കുന്നു; സ്ഥിരമായി അവരുടെ ആവശ്യങ്ങൾ നിറവേറ്റാൻ സഹായിക്കണം. യഥാർഥത്തിൽ, സർവ്വശക്തനായ അല്ലാഹു പ്രസ്താവിക്കുന്നത്, മനുഷ്യകുലത്തോടുള്ള തങ്ങളുടെ ചുമതല പൂർത്തിയാക്കുന്നതിൽ പരാജയപ്പെട്ടവരുടെ പ്രാർഥനകൾ നിഷ്ഫലമാണെന്നാണ്. അല്ലാഹു ഒരിക്കലുംതന്നെ അവ സ്വീകരിക്കുകയില്ല.

ചുരുക്കത്തിൽ, എപ്രകാരം ഈ മസ്ജിദിൽ സർവ്വശക്തനായ ദൈവത്തെ ആരാധിക്കുന്നത് നമ്മുടെ കർത്തവ്യമാണോ, അതേപ്രകാരം നമ്മുടെ ദൈവാരാധനയുടെ ഭാഗമാണ് തദ്ദേശവാസികളുടെ അവകാശങ്ങൾ പൂർത്തിയാക്കുകയും അങ്ങനെ ദൈവത്തിന്റെ സൃഷ്ടികളെ സേവിക്കുകയു ചെയ്യുക എന്നതും. എവിടെയെല്ലാം അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് മസ്ജിദുകൾ നിർമിക്കുന്നുവോ, അല്ലെങ്കിൽ അവരുടെ സാന്നിധ്യമുണ്ടോ അവിടെയെല്ലാം നമ്മുടെ അയൽവാസികളുടെയും വിപുലമായ സമുദായത്തിന്റെയും അവകാശങ്ങൾ നിറവേറ്റുന്നത് അതുകൊണ്ടാണ്.

ഇതുസംബന്ധമായി ഞങ്ങൾ പരിഗണിക്കുന്നത് ഇതൊരു മഹത്തായ അനുഗ്രഹമായാണ്. അതായത് ലോകം മുഴുവനും മനുഷ്യത്വപരമായ പദ്ധതികൾ നടപ്പാക്കാൻ ഞങ്ങൾക്ക് സാധിക്കുന്നു; പ്രത്യേകിച്ചും സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന രാജ്യങ്ങളെ ഞങ്ങൾ പ്രത്യേകമായും ലക്ഷ്യം വെക്കുന്നു. വളരെ വിദൂരവും ദരിദ്രവുമായ രാജ്യങ്ങളാണവ. വിശന്നവരെ തീറ്റാൻ ഞങ്ങൾ ശ്രമിക്കുന്നു. ദാരിദ്ര്യത്തിൽ മുങ്ങിയവരെ സഹായിക്കുന്നു. ഞങ്ങൾ ചെലവ് കുറഞ്ഞ, സാധ്യമായിടത്തോളം സൗജന്യമായ മെഡിക്കൽ ചികിത്സ നല്കുന്നു, പ്രത്യേകിച്ചും മറ്റുവിധത്തിൽ ചികിത്സ ലഭ്യമാകാത്തവർക്ക്. അങ്ങനെ ഞങ്ങൾ ആഫ്രിക്കയിൽ നിരവധി ആശുപത്രികളും മെഡിക്കൽ ക്യാമ്പുകളും ക്ലിനിക്കുകളും സ്ഥാപിച്ചിരിക്കുന്നു. അതുപോലെ ലോകത്തിന്റെ മറ്റു പല ഭാഗങ്ങളിലും ഇത്തരം സേവനം ചെയ്യുന്നു.

അതേപ്രകാരം വികസ്വര രാജ്യങ്ങളിൽ പ്രൈമറി, സെക്കന്ററി സ്കൂളുകൾ സ്ഥാപിക്കുകയും അതുമുഖേന അവർ വിദ്യാസമ്പന്നരാകുകയും ചെയ്യുന്നു. അങ്ങനെ അവർ ജ്ഞാനവും വൈദഗ്ദ്ധ്യവും നേടുകയും തലമുറകളായി അനുഭവിക്കുന്ന ദാരിദ്ര്യത്തിന്റെയും അസമത്വത്തിന്റെയും കെണിയിൽനിന്ന് രക്ഷപ്പെടുകയും ചെയ്യുന്നു. അതിലുപരി ജമാഅത്തിലെ എഞ്ചിനീയർമാർ സൗജന്യസേവനം ചെയ്തുകൊണ്ട് ലോകത്തിലെ വിദൂരരാജ്യങ്ങളിലേക്ക് പോകുന്നു. അവിടെ ജലവിതരണത്തിനായി പമ്പുകൾ ഘടിപ്പിക്കുന്നു. അല്ലെങ്കിൽ ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കാൻ കിണറുകൾ കുഴിക്കുന്നു.

ഞാൻ വ്യക്തിപരമായി ആഫ്രിക്കയിൽ താമസിച്ചിട്ടുണ്ട്. ദാരിദ്ര്യത്തിന്റെ തീക്ഷ്ണതയ്ക്ക് ഞാൻ സാക്ഷ്യം വഹിച്ചിട്ടുണ്ട്. തദ്ദേശവാസികളുടെ അവശത നേരിൽ കണ്ടിട്ടുണ്ട്.

സ്കൂളിൽ പോകാൻപ്രായമായ കുട്ടികൾ വെള്ളമന്വേഷിച്ച് ദിനേന പാത്രങ്ങളും തലയിലേറ്റി നാഴികകളോളം നടക്കാറുണ്ട്; ഈ ഉത്തരവാദിത്തം കാരണം ചില കുട്ടികൾക്ക് സ്കൂളിൽ പോകാൻ സാധിക്കില്ല. സാഹചര്യം നിമിത്തം അവർക്ക് വിദ്യാഭ്യാസം നേടാൻ കഴിയുന്നില്ല. മറ്റുള്ള ചില കുട്ടികൾ സ്കൂൾ സമയം കഴിഞ്ഞും വെള്ളത്തിനുവേണ്ടി കഠിനയാത്ര ചെയ്യുന്നു.

അവരഭിമുഖീകരിക്കുന്ന ദാരിദ്ര്യവും മോശമായ ജീവിതനിലവാരവും കണ്ടശേഷം ഞങ്ങൾ പമ്പുകൾ വച്ചുകൊടുത്ത് കുടിക്കാനും മറ്റാവശ്യങ്ങൾക്കും ശുദ്ധജലം ലഭ്യമാക്കുമ്പോൾ അവർ പ്രകടിപ്പിക്കുന്ന ആഹ്ലാദവും ഉത്സുകതയും നിങ്ങൾക്ക് ഊഹിക്കാൻ കഴിയില്ല.

ആദ്യമായി തങ്ങളുടെ വീട്ടിനടുത്ത് ടാപ്പിൽനിന്ന് വെള്ളമൊഴുകിയെത്തുന്നത് കാണുമ്പോൾ അവർക്കുണ്ടാകുന്ന ആനന്ദം നിങ്ങൾക്ക് സങ്കല്പിക്കാൻ സാധ്യമല്ല.

(തുടരും)

(പേജ് 1ൽനിന്ന്)

മനസ്സിലാക്കിയിട്ടും ചന്ദ്രൻ പിളർന്ന സംഭവം പ്രകൃതിനിയമത്തിനു വിരുദ്ധമാണെന്ന് പറയുന്നവന്റെമേൽ അഹോ കഷ്ടം! അത്തരം മനുഷ്യൻ സൽബുദ്ധിയുടേയും ദീർഘവീക്ഷണത്തിന്റേയും മനസ്സിന് ഉടമയല്ല. നല്ലവണ്ണം ഓർത്തുകൊള്ളുക! ഒരിക്കലും പ്രകൃതിനിയമത്തെ അവലംബമാക്കരുത്. അതായത് എവിടെയും പ്രകൃതിനിയമത്തിന് പരിധി നിശ്ചയിക്കരുത്; ദൈവത്തിന്റെ ദൈവത്വത്തിന്റെ സകല രഹസ്യവും ഇതുതന്നെയാണ്. പ്രകൃതിനിയമത്തെ പരിമിതമാക്കിയാൽ, അപ്പോൾപ്പിന്നെ ഊടുംപാവുമില്ലാതായി! അങ്ങനെയുണ്ടാവില്ല. ഇത്തരത്തിലുള്ള തന്റേടവും ദാർഢ്യവും കാണിക്കാതിരിക്കേണ്ടതാണ്. അത് മനുഷ്യനെ ദാസത്വത്തിന്റെ പദവിയിൽനിന്ന് തരം താഴ്ത്തുന്നു. അതിന്റെ ഫലം നാശമാണ്. അത്തരം വിഡ്ഢിത്തവും ഭോഷത്വവും കാണിക്കുക എന്നത് അതായത് ദൈവത്തിന്റെ ശക്തിപ്രഭാവങ്ങളെ പരിമിതവും വലയത്തിനുള്ളിൽവെക്കുക എന്നതും ഒരു മുഅ്മിനിൽ നിന്നുണ്ടാകുക്കയില്ല. 'ദൈവത്തെ ബുദ്ധിയുടെ അളവുകോൽകൊണ്ട് അളക്കാൻ മുതിരുന്നവൻ വിഡ്ഢിയാണ്' എന്ന ഇമാം ഫഖ്റുദ്ദീൻ റാസിയുടെ വാക്യം വളരെ ശരിയാണ്; (മൽഫൂദാത്ത് വാള്യം 1, പേജ് 74-76, 2018 ഖാദിയാൻ)

◆

'ഖലീഫ ജമാഅത്തിന്റെ പരിഷ്ക്കരണത്തിന് എന്തെങ്കിലും പറഞ്ഞാൽ അതേറ്റെടുക്കുകയും ജമാഅത്തംഗങ്ങളുടെ മുമ്പിൽ അത് ആവർത്തിക്കുകയും ചെയ്യുക. മന്ദബുദ്ധിയിൽ മന്ദബുദ്ധിയായവനുപോലും അതു മനസ്സിലാകാനും ദീനിൽ ശരിയായ നിലയിൽ നടക്കാനുള്ള വഴിപ്രാപിക്കാനും അതാവർത്തിക്കുക. ആവർത്തിക്കുക, ആവർത്തിക്കുക!'
(ഖുത്വ്ബാത്തെ മഹ്മൂദ് വാല്യം 18 പേജ് 214-215)
(ഖുത്വ്ബ ജുമുഅ 29-5-2015)

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**Ahmadiyya Muslim Jama'at Palluruthy, Ernakulam dist:**

നമ്മുടെ ആരാധനകളുടെ പുരോഗതിതന്നെ നമുക്ക് വിജയങ്ങൾ പ്രദാനം ചെയ്യുന്നതാണ്. അതുകൊണ്ടുതന്നെ ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ജമാഅത്ത് മുഴുവൻ ഇതു സംബന്ധമായി വളരെ തീവ്രമായ ശ്രദ്ധ ചെലുത്തേണ്ട ആവശ്യമുണ്ട്. (ജുമുഅ ഖുത്വ്ബ 27-1-2017)

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**Abdul Hameed Koya Ameer Ahmadiyya Jama'ath Kannur Town, Kerala**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin